# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 25, ചൊവ്വ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--263]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
|---|---|
| ധനകാര്യ വകുപ്പ് മന്ത്രി | : 5756 മുതൽ 5846 വരെ |
| നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി | : 5847 മുതൽ 5910 വരെ |
| വൈദ്യുതി വകുപ്പ് മന്ത്രി | : 5911 മുതൽ 5960 വരെ |
| തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി | : 5961 മുതൽ 6018 വരെ |

**<u>സംസ്ഥാനത്തെ വിലക്കയറ്റം</u>**

5756 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025 ഫെബ്രുവരിയിൽ സംസ്ഥാനത്തെ വിലക്കയറ്റത്തിന്റെ നിരക്ക് ദേശീയ നിരക്കിനേക്കാൾ ഉയർന്നുനിൽക്കുന്നുവെന്ന സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിലക്കയറ്റം ദേശീയതലത്തിൽ കുറയുമ്പോൾ കേരളത്തിൽ കൂടുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) 2025 ഫെബ്രുവരിയിലെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിലക്കയറ്റം പിടിച്ചുനിർത്താൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ</u>**

5757 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമ്പത്തിക ബുദ്ധിമുട്ട് തരണം ചെയ്യുവാൻ നിശ്ചയിച്ച ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത നിർദ്ദേശങ്ങൾ പ്രകാരം എത്ര തുകയുടെ ചെലവ് ചുരുക്കാൻ നാളിതുവരെ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ;

(ബി) നോൺ-പ്ലാൻ ചെലവുകൾ ബജറ്റിനുള്ളിൽ തന്നെ നിർത്തേണ്ടതാണെന്ന നിർദ്ദേശം നാളിതുവരെ ഏതെല്ലാം വകുപ്പുകളിൽ നടപ്പാക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ;

(സി) വിദേശയാത്രകൾ സംബന്ധിച്ച ചെലവ് ചുരുക്കൽ നിർദ്ദേശപ്രകാരം അനുമതി നിഷേധിച്ച വിദേശയാത്രകൾ ആരുടെയെല്ലാമെന്ന് വ്യക്തമാക്കുമോ; ചെലവ് ചുരുക്കൽ നിർദ്ദേശം വന്നതിനുശേഷം ആരൊക്കെ വിദേശയാത്ര നടത്തിയെന്നും അതുവഴി ഖജനാവിന് വന്ന നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ചെലവ് ചുരുക്കൽ നിർദ്ദേശം പ്രഖ്യാപിച്ചശേഷം ഏതെല്ലാം സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ/പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ എത്ര വാഹനങ്ങൾ, എത്ര തുകയ്ക്ക് വാങ്ങിയെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്ത് നികുതി-നികുതിയേതര വരുമാന വർദ്ധനവിന്റെ ആവശ്യകത നിലനിൽക്കുമ്പോൾ ഈ നടപ്പുവർഷം വകുപ്പ് ശിപാർശ നൽകിയതിന്റെ അടിസ്ഥാനത്തിൽ നികതി-നികുതിയേതര ഇനങ്ങളിൽ എത്ര പേർക്ക് എത്ര തുകയുടെ ഉപാധിരഹിത സ്റ്റേ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം

5758 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സംസ്ഥാന പദ്ധതി വിഹിതമായി എത്ര രൂപ വീതം അനുവദിക്കണമെന്ന് തീരുമാനിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സാമ്പത്തിക വർഷം സംസ്ഥാന പദ്ധതി വിഹിതമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇതുവരെ എത്ര തുകയാണ് കൈമാറിയിട്ടുള്ളത്;

(സി) നഗരസഭകൾക്ക് കേന്ദ്ര വിഹിതമായി ഓരോ സാമ്പത്തികവർഷവും എത്ര രൂപ വീതമാണ് ലഭ്യമാവുന്നത്; ഈ തുക കേന്ദ്രം നേരിട്ടാണോ നഗരസഭകൾക്ക് കൈമാറുന്നത്; വ്യക്തമാക്കാമോ?

## ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതി

5759 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലയളവിൽ വിവിധ പദ്ധതികൾക്കായി ഭൂമി ഏറ്റെടുക്കുന്നതിനായി എത്ര രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

## ധനകാര്യ വകുപ്പിലെ പദ്ധതികളിൽ കണ്ടെത്തിയ ക്രമക്കേടുകൾ

5760 **ഡോ. മാത്യൂ കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ധനകാര്യ വകുപ്പിൽ നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ

കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട പരാതികൾ

5761 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട് സംസ്ഥാനതല ബാങ്കേഴ്സ് സമിതി മുമ്പാകെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ടെന്നും ഇതിൽ എത്രയെണ്ണത്തിന് പരിഹാരം കണ്ടെത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

## നികുതിയേതര വരുമാന വർദ്ധനവ്

5762 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് നികുതി വർദ്ധനവിലൂടെയല്ലാതെ ഏതെല്ലാം നിലയിൽ വരുമാനം വർദ്ധിപ്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) വിവിധ വകുപ്പുകളിലൂടെ വർധിപ്പിച്ച ഓരോ ഇനവും വർധിപ്പിച്ച നിരക്കും അതുവഴി പ്രതിവർഷം ഓരോ ഇനത്തിലും പ്രതീക്ഷിച്ച വരുമാനവും സംബന്ധിച്ച് ഓരോ വർഷത്തെയും വിവരം പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ;

(സി) ബഡ്ജറ്റ് വഴിയല്ലാതെ അധികവിഭവസമാഹരണം നടത്തിയ വർഷങ്ങൾ ഏതൊക്കെയായിരുന്നു; ഓരോ വർഷത്തിലും ബഡ്ജറ്റിന് പുറത്തുള്ള അധികവിഭവസമാഹരണ ലക്ഷ്യം എത്ര കോടി രൂപയായിരുന്നു; ഓരോ വർഷവും സമാഹരിച്ച തുക എത്ര; വിശദാംശം ലഭ്യമാക്കാമോ?

## പ്രതീക്ഷിത ചെലവ്

5763 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ 2025 മാർച്ച് മാസത്തെ പ്രതീക്ഷിത ചെലവിന്റെ വിശദാംശം നൽകാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം മാർച്ച് മാസത്തിൽ മാത്രം വിവിധ വകുപ്പുകളിലെ പ്ലാൻ ഫണ്ടുകളിൽ എത്രയാണ് ചെലവ് വന്നിട്ടുള്ളത്; ഇപ്രാവശ്യം പ്ലാൻ ഫണ്ടുകളിൽ എത്രയാണ് ചെലവ് പ്രതീക്ഷിക്കുന്നത്; വ്യക്തമാക്കുമോ;

(സി) നടപ്പു സാമ്പത്തിക വർഷത്തെ ചെലവിനുള്ള തുക സർക്കാരിൽ ലഭ്യമാണോ; വിശദീകരിക്കുമോ?

## വികസന പാക്കേജുകൾക്കുള്ള തുക

5764 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന പ്രത്യേക വികസന പാക്കേജുകൾക്ക് ഈ സർക്കാരിന്റെ കാലത്തെ ബജറ്റുകളിൽ പ്രഖ്യാപിച്ച തുക, അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## സംസ്ഥാനത്തിന്റെ സഞ്ചിത കടം

5765 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും പൂർത്തിയാകുമ്പോൾ സംസ്ഥാനത്തിന്റെ സഞ്ചിത കടം എത്ര രൂപയായാണ് വർദ്ധിച്ചതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തിന്റെ സഞ്ചിത കടം ധനസംബന്ധമായ ഉത്തരവാദിത്ത ആക്ട് പ്രകാരം നിഷ്കർഷിച്ചിട്ടുള്ള പരിധി ലംഘിച്ചത് ഏത് വർഷം മുതലാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ആക്ട് പ്രകാരമുള്ള പരിധിക്കുള്ളിൽ സംസ്ഥാനത്തിന്റെ സഞ്ചിതകടം നിലനിർത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

## വൈദ്യുതി മേഖലയിലെ പരിഷ്കരണത്തിൽ അധിക വായ്പ

5766 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മേഖലയിലെ പരിഷ്കരണത്തിന്റെ പേരിൽ ജി.എസ്.ഡി.പി-യുടെ 0.5% കൂടി വായ്പയെടുക്കാൻ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതിനായി കെ.എസ്.ഇ.ബി.-യുടെ കഴിഞ്ഞ വർഷത്തെ നഷ്ടത്തിന്റെ തൊണ്ണൂറ് ശതമാനം തുക സംസ്ഥാന സർക്കാർ ഏറ്റെടുത്തിരുന്നോ; വിശദമാക്കാമോ;

(സി) അനിയന്ത്രിതമായ കടമെടുപ്പ് സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതിയെ എപ്രകാരം ബാധിക്കും എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## സംസ്ഥാനത്തിന്റെ പൊതു സാമ്പത്തിക സ്ഥിതി

5767 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വിശകലനം ചെയ്യുന്നതിനുള്ള ധനകാര്യ സൂചകങ്ങൾ പ്രകാരം 2025 ഫെബ്രുവരിയിലെ സംസ്ഥാനത്തിന്റെ പൊതു സാമ്പത്തിക സ്ഥിതി വിശദമാക്കുമോ?

## കൂത്തുപറമ്പ് മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

5768 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിന്റെ പുരോഗതിയും വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഏതെങ്കിലും പ്രവൃത്തികൾ തുടങ്ങാൻ ബാക്കിയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ആരംഭിച്ച പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് തടസ്സങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ എപ്പോൾ പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## പാറശ്ശാല മണ്ഡലത്തിലെ പൊതു വിദ്യാലയ കെട്ടിട നിർമ്മാണം

5769 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല മണ്ഡലത്തിൽ കിഫ്ബി ഫണ്ട് മുഖേന പൊതു വിദ്യാലയങ്ങൾക്കുള്ള കെട്ടിട നിർമ്മാണത്തിനായി അനുമതി നൽകിയതിന്റെ വിശദ വിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഇനിയും നിർമ്മാണം ആരംഭിക്കാനുള്ള കെട്ടിടങ്ങൾ, നിർമ്മാണ ചുമതലയുള്ള ഏജൻസികൾ, നിർമ്മാണം വൈകുന്നുവെങ്കിൽ ആയതിന്റെ കാരണം എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കെട്ടിടങ്ങൾ ഓരോന്നിന്റെയും നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകും എന്ന് അറിയിക്കാമോ?

## കെ ഫോൺ പദ്ധതിക്ക് ചെലവഴിച്ച തുക

5770 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ ഫോൺ പദ്ധതിക്കായി കിഫ്ബി അനുവദിച്ച തുക എത്രയാണ്; നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ എത്ര ശതമാനം ഇതുവരെ പൂർത്തീകരിക്കാൻ സാധിച്ചിട്ടുണ്ട്; പദ്ധതി എന്ന് പൂർത്തീകരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്; വിശദമാക്കുമോ?

## വെള്ളൂർ – പാടിയോട്ടുചാൽ റോഡ് പ്രവൃത്തി

5771 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ-പാടിയോട്ടുചാൽ റോഡിന്റെ പ്രവൃത്തിക്ക് കിഫ്ബിയിൽ നിന്നും ധനാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ധനാനുമതി നൽകുവാൻ കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിന് കെ.ആർ.എഫ്.ബി. ക്ക് നിർദ്ദേശം നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കിഫ്ബി വായ്പകൾ മൂലമുള്ള അധിക ബാധ്യത

5772 **ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിനു പുറത്തുനിന്നുള്ള കിഫ്ബി പോലുള്ള കടമെടുപ്പുകൾക്കായി ബജറ്റിൽ തുക വകയിരുത്താറുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഓഫ് ബജറ്റ് കടമെടുപ്പുമൂലം ഖജനാവിനുണ്ടാകുന്ന അധിക ബാധ്യത സാമ്പത്തിക പ്രതിസന്ധിക്ക കാരണമാകുന്നുണ്ടോയെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കോതമംഗലം മണ്ഡലത്തിലെ പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണം

5773 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലത്തും പിണവൂർകുടിയിലും കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കാനുദ്ദേശിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) സാങ്കേതിക തടസ്സങ്ങൾ നീക്കി പദ്ധതി വേഗത്തിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ഏറനാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

5774 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ ഏറനാട് നിയോജക മണ്ഡലത്തിൽ ശിപാർശ ചെയ്യപ്പെട്ടതും അനുവദിക്കപ്പെട്ടതുമായ പ്രവൃത്തികൾ ഏതൊക്കെയെന്ന് തരം തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നടന്നുവരുന്നതും പൂർത്തിയാക്കിയതുമായ പ്രവൃത്തികളുടെ വിവരങ്ങൾ നൽകാമോ; പൂർത്തിയാകാത്ത പ്രവൃത്തികൾ ഓരോന്നും ഏത് ഘട്ടത്തിലാണെന്നും അവയിന്മേൽ അവശേഷിക്കുന്ന നടപടികളും തരം തിരിച്ച് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികളേതെങ്കിലും നടപ്പിലാക്കുന്നതിൽ തടസ്സങ്ങൾ നിലവിലുണ്ടോയെന്ന് വിശദമാക്കുമോ?

## കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

5775 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ നിർമ്മാണം തുടങ്ങിയവയും ഇനി തുടങ്ങാനുള്ളതുമായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(സി) നിർമ്മാണം തുടങ്ങിയവയുടെ പുരോഗതി വിശദമാക്കാമോ;

(ഡി) നിർമ്മാണം തുടങ്ങിയവ വേഗത്തിൽ പൂർത്തിയാക്കുന്നതിനും നിർമ്മാണമാരംഭിക്കാത്തവ വേഗത്തിൽ ആരംഭിക്കുന്നതിനുമുള്ള നടപടികൾ ഉറപ്പുവരുത്തുമോ; വ്യക്തമാക്കാമോ?

## ചേലാട് സ്റ്റേഡിയം നിർമാണം

5776 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതിയായ ചേലാട് സ്റ്റേഡിയത്തിന്റെ നിർമ്മാണം വർഷങ്ങൾ കഴിഞ്ഞിട്ടും ആരംഭിക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാങ്കേതിക തടസങ്ങൾ നീക്കി സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ എം.എൽ.എ. ഫണ്ട് പ്രവൃത്തികൾ

5777 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ട്, സ്പെഷ്യൽ ഡെവലപ്പ്മെന്റ് ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി 2021-22, 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

## വർക്കല മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് തുക

5778 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് യഥാസമയം എം.എൽ.എ.മാരെ അറിയിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ടെണ്ടർ സേവിംഗ്സ് തുകയ്ക്ക് പുതിയ പദ്ധതികൾ ശിപാർശ ചെയ്യുന്നതിന് സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വർക്കല മണ്ഡലത്തിൽ എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരമുള്ള ടെണ്ടർ സേവിംഗ്സ് തുകയിൽ ബാക്കി എത്ര രൂപയുടെ പദ്ധതികൾ ശിപാർശ ചെയ്യുവാൻ കഴിയുമെന്ന് വിശദമാക്കാമോ?

## എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി

5779 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു സാമ്പത്തിക വർഷം എം.എൽ.എ.യുടെ പ്രത്യേക വികസന നിധിയിൽ ഒരു കോടി രൂപയുടെ പ്രവൃത്തി ഭരണാനുമതി നൽകിയതിനുശേഷം ആ സാമ്പത്തിക വർഷത്തെ എല്ലാ പ്രവൃത്തികളും പൂർത്തിയായി ഫൈനൽ ബിൽ സമർപ്പിക്കുന്നതുവരെ കാത്തുനിൽക്കാതെ പൂർത്തിയായ പ്രവൃത്തികളുടെ അവസാന ബില്ല് സമർപ്പിച്ചതിനുശേഷം ബാക്കി വരുന്ന തുക ഉപയോഗിച്ച് ആ തുകയ്ക്കുള്ള ഒരു പുതിയ പ്രവൃത്തി എം.എൽ.എ. യ്ക്ക് നിർദ്ദേശിക്കാമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒരു സാമ്പത്തികവർഷം ഒരു കോടി രൂപയിൽ കൂടുതൽ ഫണ്ട് ചെലവഴിക്കാൻ പാടില്ല എന്നാണോ പ്രത്യേക വികസന നിധി സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളിൽ പറയുന്നതെന്നും ഒരു കോടി രൂപയിൽ കൂടുതൽ തുകയ്ക്ക് ഭരണാനുമതി നല്കാൻ പാടില്ലായെന്ന് പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ പറയുന്നുണ്ടോയെന്നും വിശദമാക്കാമോ?

## മഞ്ചേശ്വരം മണ്ഡലത്തിലെ എം.എൽ.എ.-എസ്.ഡി.എഫ് പ്രവൃത്തികൾ

5780 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലം എം.എൽ.എ.-എസ്.ഡി.എഫ് -മായി ബന്ധപ്പെട്ട 2023-24, 2024-25 വർഷങ്ങളിലെ പ്രവൃത്തികൾ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

## ആലത്തൂർ മണ്ഡലത്തിലെ ആസ്തിവികസന ഫണ്ട് പ്രവൃത്തികൾ

5781 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലയളവിൽ ആലത്തൂർ മണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ടിൽ നിന്നും ശിപാർശ ചെയ്ത പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പൂർത്തീകരിക്കാത്തവ ഏതൊക്കെയെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി അറിയിക്കാമോ?

## സർക്കാർ പ്രവൃത്തികളുടെ നിർവ്വഹണത്തിനുള്ള അക്രഡിറ്റഡ് ഏജൻസികൾ

5782 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി അംഗീകാരം ലഭിച്ചിട്ടുള്ള പി.എം.സി, നോൺ പി.എം.സി. വിഭാഗത്തിൽപ്പെടുന്ന എല്ലാ അക്രഡിറ്റഡ് ഏജൻസികളുടെയും പേരും വിശദാംശങ്ങളും പ്രസ്തുത ഏജൻസികൾ നിർവ്വഹിച്ചിട്ടുള്ള പ്രവൃത്തികളുടെ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അക്രഡിറ്റഡ് ഏജൻസികൾ മുഖേന പ്രവൃത്തി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(സി) എസ്.ഡി.എഫ്, ആസ്തി വികസന പദ്ധതി പ്രവൃത്തികൾ അക്രഡിറ്റഡ് ഏജൻസികളിലൂടെ നിർവഹിക്കുന്നതിനു പാലിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## കോട്ടക്കൽ മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന പദ്ധതി

5783 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഏതെല്ലാം പദ്ധതികൾക്കാണ് കോട്ടക്കൽ മണ്ഡലത്തിൽ നിന്നും ശിപാർശ നൽകിയിട്ടുള്ളതെന്ന വിശദാംശം സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഭരണാനുമതി നൽകിയിട്ടുള്ളവ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ;

(സി) ഇനി ഭരണാനുമതി ലഭിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഭരണാനുമതി ലഭിക്കാത്തത് എന്തുകൊണ്ടാണെന്നും അറിയിക്കാമോ?

## കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ അടിമലത്തുറ ഫുട്ബോൾ ഗ്രൗണ്ട് നിർമ്മാണം

5784 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തിൽ അനുവദിക്കുകയും 07/11/2019-ന് എഗ്രിമെൻറ് വച്ച് പ്രവൃത്തി പുരോഗമിച്ചുവന്നിരുന്നതും തിരുവനന്തപുരം ജില്ലാ കളക്ടർ നിർത്തിവച്ചിട്ടുള്ളതുമായ കോട്ടുകാൽ ഗ്രാമപഞ്ചായത്തിലെ അടിമലത്തുറ ഫുട്ബോൾ ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തി, 200 മീറ്റർ വരെയുള്ള നോൺ ഡെവലപ്മെന്റ് സോണിൽ കളിസ്ഥലം നിർമ്മിക്കുന്നതിനുള്ള അനുമതി ഉപയോഗിച്ച് തുടരുവാൻ നടപടി സ്വീകരിക്കുമോ;

(ബി) ആറു വർഷത്തിലധികമായി പ്രസ്തുത നിർമ്മാണം നിർത്തിവച്ചതുമൂലമുണ്ടായ നഷ്ടം ഉത്തരവാദികളിൽ നിന്നും ഈടാക്കി പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## കാസർഗോഡ് മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

5785 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ആസ്തി വികസന ഫണ്ട് ഏത് സാമ്പത്തിക വർഷം മുതലാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) ആരംഭിച്ച വർഷം മുതൽ 2024-2025 സാമ്പത്തിക വർഷം വരെ കാസർഗോഡ് നിയോജക മണ്ഡലത്തിൽ എം.എൽ.എ. നിർദ്ദേശിച്ച പ്രവർത്തികൾ ഏതെല്ലാമാണെന്ന് സാമ്പത്തികവർഷം തിരിച്ച് തുക സഹിതം വ്യക്തമാക്കാമോ;

(സി) ഇതിൽ പൂർത്തീകരിച്ച പ്രവൃത്തികൾ ഏതൊക്കെയെന്നും ഇവയ്ക്ക് ഭരണാനുമതി ലഭിച്ച വർഷവും പൂർത്തീകരിച്ച വർഷവും പ്രവൃത്തി തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഇതിൽ പൂർത്തീകരിക്കാൻ കഴിയാത്തതോ ആരംഭിക്കാത്തതോ ആയ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ഇ) ആരംഭിക്കാത്ത പ്രവർത്തികൾക്ക് അനുവദിച്ച ഫണ്ട് പുതിയ പദ്ധതികൾക്ക് അനുവദിക്കാൻ പറ്റുമോയെന്ന് വ്യക്തമാക്കാമോ?

**<u>കോങ്ങാട് മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ</u>**

5786 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-22 മുതൽ 2024-25 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കോങ്ങാട് മണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന പദ്ധതി പ്രകാരം ഏതെല്ലാം പദ്ധതികൾക്കാണ് ശിപാർശ ലഭിച്ചിട്ടുള്ളത്; ആയതിന്റെ വർഷം തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ച പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; ഭരണാനുമതി ലഭിച്ച ഏതെല്ലാം പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കാനുണ്ടെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ ശിപാർശ ചെയ്ത പ്രവൃത്തികളിൽ ഇനി ഭരണാനുമതി നൽകാനുള്ളവ ഏതൊക്കെയാണെന്നും അവയ്ക്ക് ഇതുവരെ ഭരണാനുമതി നൽകാൻ കഴിയാത്തത് എന്തുകൊണ്ടാണെന്നും അറിയിക്കാമോ;

(ഇ) മുൻ സർക്കാരിന്റെ കാലയളവിൽ കോങ്ങാട് മണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച ആസ്തി വികസന, പ്രത്യേക വികസന ഫണ്ടുകൾ വിനിയോഗിച്ചുള്ള പ്രവൃത്തികളിൽ പൂർത്തീകരിക്കുവാൻ ശേഷിക്കുന്നവ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(എഫ്) പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; ഭരണാനുമതി ലഭിച്ച എത്ര പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പൂർത്തിയാക്കാനുണ്ടെന്ന് വിശദമാക്കാമോ?

**<u>ബാലുശ്ശേരി മണ്ഡലത്തിലെ എം.എൽ.എ. ഫണ്ട് പ്രവൃത്തികൾ</u>**

5787 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജക മണ്ഡലത്തിലെ എം.എൽ.എ. ആസ്തിവികസന ഫണ്ട്, പ്രാദേശിക വികസന നിധി എന്നിവയിൽ നിന്നും 2017-18 മുതൽ 2024-25 വരെ എത്ര പ്രവൃത്തികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ഇനി എത്ര പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും വിശദമാക്കാമോ;

(ബി) ഇതിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്തെ എം.എൽ.എ. എ.ഡി.എഫ്., എസ്.ഡി.എഫ്. ഫണ്ട് വിനിയോഗിച്ചുള്ള പ്രവൃത്തികൾ ഇനിയും ആരംഭിക്കാത്തതോ പൂർത്തീകരിക്കാത്തതോ ഉണ്ടോയെന്നും ഉണ്ടെങ്കിൽ എന്താണ് കാരണമെന്നും അറിയിക്കാമോ?

**<u>കൂത്തുപറമ്പ് മണ്ഡലത്തിലെ എം.എൽ.എ. ഫണ്ടുപയോഗിച്ച് വാഹനം</u>**

5788 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂത്തുപറമ്പ് മണ്ഡലത്തിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് എത്ര വാഹനങ്ങൾ വാങ്ങാൻ തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; വാഹനങ്ങൾ വാങ്ങുന്നതിന് നിലവിലുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

## പയ്യന്നൂർ മണ്ഡലത്തിലെ ടെണ്ടർ സേവിംഗ്സ് തുക

5789 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷം മുതൽ 2021-22 വരെ പയ്യന്നൂർ മണ്ഡലത്തിലെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ ടെണ്ടർ സേവിംഗ്സായി എത്ര രൂപയാണുള്ളതെന്ന് വർഷം തിരിച്ച് വിശദമാക്കാമോ;

(ബി) ടെണ്ടർ സേവിംഗ്സായ തുകയ്ക്ക് പുതിയ പദ്ധതികൾ നിർദേശിക്കുന്നതിനുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

## നെയ്യാറ്റിൻകര മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

5790 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര മണ്ഡലത്തിൽ 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിൽ എം.എൽ.എ.യുടെ ആസ്തിവികസന ഫണ്ട് മുഖേന എത്ര തുകയാണ് അനുവദിച്ചതെന്ന് വിശദമാക്കാമോ?

## ആസ്തി വികസന ഫണ്ടിന്റെയും പ്രാദേശിക വികസന ഫണ്ടിന്റെയും പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ

5791 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ ആസ്തി വികസന ഫണ്ട്, പ്രാദേശിക വികസന ഫണ്ട് എന്നിവയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പരിഷ്കരിക്കുന്നതിനായി എം.എൽ.എ.മാരിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ചിരുന്നോ; എങ്കിൽ പ്രസ്തുത നിർദ്ദേശങ്ങളിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ആസ്തിവികസന ഫണ്ടിൽ 2021 മുതൽ ശേഷിക്കുന്ന ടെണ്ടർ സേവിങ്സുകൾ ഒരുമിച്ച് ചേർത്ത് അടുത്ത വർഷത്തെ പദ്ധതികൾക്കൊപ്പം പ്രൊപ്പോസൽ നൽകുന്നതിന് അനുമതി നൽകുമോയെന്ന് അറിയിക്കുമോ;

(സി) ആസ്തിവികസന ഫണ്ടിലെന്നപോലെ പോലെ പ്രാദേശിക വികസന ഫണ്ടിലെ ടെണ്ടർ സേവിംങ്ങ്സ് തുകയും വിനിയോഗിക്കാൻ അനുമതി നൽകുമോയെന്ന് വ്യക്തമാക്കുമോ?

## ഗ്രാന്റ്-ഇൻ-എയ്ഡുകളിൽ കുറവ്

5792 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 15-ാം ധനകാര്യ കമ്മീഷൻ ശിപാർശ പ്രകാരം സംസ്ഥാനത്തിന് അനുവദിക്കപ്പെട്ട നികുതി വിഹിതത്തിൽ മുൻകാലഘട്ടത്തിൽ നിന്നും വെട്ടിക്കുറവ് വരുത്തിയിട്ടുണ്ടോ;

(ബി) സംസ്ഥാനത്തിന് അർഹതപ്പെട്ട ഗ്രാന്റ്-ഇൻ-എയ്ഡുകളിൽ 2021-ന ശേഷം കേന്ദ്ര സർക്കാർ കുറവ് വരുത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ?

## പതിനാറാം ധനകാര്യ കമ്മീഷൻ

5793 **ശ്രീ. വാഴൂർ സോമൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനാറാം ധനകാര്യ കമ്മീഷൻ മുമ്പാകെ സ്വന്തം നിലയിൽ പദ്ധതി നടപ്പാക്കാനുള്ള സ്വാതന്ത്ര്യവും അതിനായുള്ള സാമ്പത്തിക വിഹിതവും സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേന്ദ്രം പങ്കുവയ്ക്കുന്ന നികുതി വിഹിതം നിശ്ചയിക്കുന്ന മാനദണ്ഡങ്ങളിൽ വലിയ മാറ്റം സംസ്ഥാനം നിർദ്ദേശിച്ചിട്ടുണ്ടോ; ജനസാന്ദ്രതാടിസ്ഥാനത്തിൽ കേന്ദ്രവിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം പുതിയതായി ഉൾപ്പെടുത്തണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## വികസന-ക്ഷേമ പ്രവർത്തനങ്ങൾക്ക് ബദൽ ധനാഗമ മാർഗ്ഗങ്ങൾ

5794 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ പ്രകാരമുള്ള സഹായത്തിൽ കുറവ് വന്ന സാഹചര്യത്തിൽ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ബദൽ ധനാഗമ മാർഗ്ഗങ്ങൾ കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

## സംസ്ഥാനത്തോടുള്ള കേന്ദ്ര സർക്കാരിന്റെ വിവേചനം

5795 **ശ്രീ എം രാജഗോപാലൻ**
**ശ്രീ എം നൗഷാദ്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വികസനം മുരടിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ കേന്ദ്രം നടത്തുന്ന സാമ്പത്തിക നടപടികളിലൂടെ സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരം നടപടികളിലൂടെ വരുമാന നഷ്ടം ഉണ്ടാകുമ്പോഴും വികസന ക്ഷേമ പ്രവർത്തനങ്ങൾ തുടർച്ചയായി നടത്തിക്കൊണ്ട് പോകുന്നതിന് കഴിയുന്നുണ്ടോ; ഇതിനായി സർക്കാർ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) സംസ്ഥാനത്തോടുള്ള കേന്ദ്ര വിവേചനം അവസാനിപ്പിച്ച് അർഹമായ വിഹിതം അനുവദിക്കണമെന്ന ആവശ്യം നിരവധി തവണ ആവർത്തിച്ചിട്ടും കേന്ദ്രം പരിഗണിച്ചിട്ടില്ലെങ്കിലും സംസ്ഥാന താല്പര്യം മുൻനിർത്തി വീണ്ടും ഇക്കാര്യങ്ങൾ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നത് പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## <u>കാസർഗോഡ് ജനറൽ ആശുപത്രി കെട്ടിട നിർമ്മാണം</u>

5796 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡ് ആർ.ഐ.ഡി.എഫ് XVIII ൽ ഉൾപ്പെടുത്തി കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഐ.പി. കെട്ടിടം നിർമ്മിക്കാൻ അനുമതി നൽകിയത് എപ്പോഴാണെന്ന് വ്യക്തമാക്കാമോ;

(ബി) ആയതിന്റെ ഭരണാനുമതി തുക എത്രയായിരുന്നുവെന്ന് അറിയിക്കാമോ;

(സി) നിശ്ചിത കാലാവധിക്കുള്ളിൽ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ കഴിയാത്തതുകൊണ്ട് പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) ഭരണാനുമതി പ്രകാരം പ്രസ്തുത പ്രവൃത്തിക്ക് ഏതെല്ലാം സാമ്പത്തിക വർഷം എത്ര തുക വീതം വകയിരുത്തിയിരുന്നുവെന്ന് വ്യക്തമാക്കാമോ; ഇതിൽ ആർ.ഐ.ഡി.എഫ്. വിഹിതവും സംസ്ഥാന സർക്കാർ വിഹിതവും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) ആർ.ഐ.ഡി.എഫ് -ൽ അനുവദിച്ച 714 ലക്ഷം രൂപയിൽ നാളിതുവരെ എത്ര രൂപ കരാറുകാരന് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇനി എത്ര രൂപ ആവശ്യമുണ്ടെന്ന് വ്യക്തമാക്കാമോ; ഈ തുകയിൽ ആർ.ഐ.ഡി.എഫ്. ലോൺ ഇനത്തിൽ ബാക്കിയുള്ള തുക എത്രയാണെന്നും സംസ്ഥാന സർക്കാർ വിഹിതം എത്രയാണെന്നും ഈ തുക എപ്പോൾ ലഭ്യമാക്കുമെന്നും വ്യക്തമാക്കാമോ?

## <u>മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് പദ്ധതി</u>

5797 **ശ്രീ. കെ.വി.സുമേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കുള്ള മെഡിക്കൽ റീ-ഇമ്പേഴ്സ്മെന്റ് പദ്ധതിയുടെ പരിധിയിൽ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടുന്നുണ്ടോ; വിശദാംശം നൽകാമോ;

(ബി) സംസ്ഥാനത്തിന് പുറത്തുള്ള ആശുപത്രികളിൽ ചികിത്സ തേടിയവർക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുമോ; വിശദാംശം നൽകാമോ?

## <u>മോളി ജോർജിന്റെ പെൻഷൻ</u>

5798 **ശ്രീ. മോൻസ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മോളി ജോർജ്, ജവഹർനഗർ, കവടിയാർ, തിരുവനന്തപുരം എന്നയാൾക്ക് പെൻഷൻ വാങ്ങാൻ കഴിയാതെ പോയതും ലൈഫ് സർട്ടിഫിക്കറ്റ് സമയത്തിന്

കൊടുക്കാൻ സാധിക്കാത്തതും മൂലം വർഷങ്ങളായി പെൻഷൻ ലഭിക്കാത്ത പ്രശ്നം ചൂണ്ടിക്കാട്ടി നിവേദനം നൽകിയതിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) മോളി ജോർജ് അവസാനം പെൻഷൻ വാങ്ങിയത് ഏത് ട്രഷറിയിൽ നിന്നാണെന്ന് വ്യക്തമാക്കാമോ;

(സി) കിടപ്പുരോഗിയായ മോളി ജോർജിന്റെ പെൻഷൻ ലഭ്യമാക്കുന്നതിന് ട്രഷറി വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(ഡി) മോളി ജോർജിന്റെ കുടുംബപെൻഷനും കുടിശികയും എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## <u>ശമ്പള പരിഷ്കരണ കമ്മീഷൻ നിയമനം</u>

5799 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കേണ്ട സമയം കഴിഞ്ഞിട്ടും നിയമിക്കാത്തത് എന്തുകൊണ്ടാണ്; സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി മൂലമാണോ ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിക്കാൻ വൈകുന്നത്; വിശദമാക്കുമോ;

(ബി) ശമ്പള പരിഷ്കരണ കമ്മീഷനെ നിയമിച്ചാലും ഇതിനാവശ്യമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസം നേരിടും എന്നിരിക്കെ പുതുക്കിയ ശമ്പളം യഥാസമയം ജീവനക്കാർക്ക് ലഭ്യമാകുമോയെന്ന് വ്യക്തമാക്കുമോ?

## <u>ശമ്പള പരിഷ്കരണ കുടിശിക</u>

5800 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനൊന്നാം ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ജീവനക്കാർക്ക് നൽകുവാനുള്ള കുടിശികയുടെ ആദ്യ രണ്ട് ഗഡു പി.എഫിൽ ലയിപ്പിക്കുമെന്ന അറിയിപ്പിന്റെ ഭാഗമായുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ;

(ബി) നിലവിൽ സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും എത്ര ഗഡു ഡി.എ/ഡി.ആർ. നൽകുവാനുണ്ട്; 2025-26 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ഡി.എ/ഡി.ആർ. സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## <u>ധനകാര്യവകുപ്പിലെ ചീഫ് ടെക്നിക്കൽ ഓഫീസർ നിയമനം</u>

5801 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യവകുപ്പിന് കീഴിലുള്ള ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് എത്ര വർഷത്തേക്കാണ് നിയമനം നൽകിയിട്ടുള്ളതെന്നും അദ്ദേഹത്തിന്റെ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ;

(ബി) നീട്ടി നൽകിയിട്ടുണ്ടെങ്കിൽ അതിന്റെ മാനദണ്ഡം എന്താണെന്നും ഏത് തീയതി വരെയാണ് നീട്ടി നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(സി) ബി.എസ്.എൻ.എൽ., കേരള വാട്ടർ അതോറിറ്റി, യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽ എൻജിനീയറായി പ്രവർത്തിച്ച് പരിചയമുള്ള ആളുകൾക്ക് ബി.എം & ബി.സി റോഡുകൾ, കെട്ടിടങ്ങൾ, പാലങ്ങൾ എന്നിവയുടെ പ്രവൃത്തി പരിശോധിക്കുന്ന സി.ടി.ഇ. ആയി നിയമിതനാവാൻ പറ്റുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) നിലവിലെ സി.ടി.ഇ. ക്കും പ്രസ്തുത ഓഫീസിലെ മറ്റുദ്യോഗസ്ഥർക്കും മേൽപ്പറഞ്ഞ പ്രവൃത്തികൾ പരിശോധിക്കാനുള്ള യോഗ്യതകളുണ്ടോയെന്ന് വ്യക്തമാക്കുമോ?

**<u>സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ട്രേഡ് ഇൻസ്ട്രക്ടർക്ക് റേഷ്യോ പ്രമോഷൻ</u>**

5802 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ ട്രേഡ് ഇൻസ്ട്രക്ടർ ആയി സേവനം അനുഷ്ഠിക്കുന്നവർക്ക് 1985-ലെ നാലാം ശമ്പള കമ്മീഷൻ ശിപാർശ പ്രകാരം നൽകിത്തുടങ്ങിയ റേഷ്യോ പ്രൊമോഷൻ നിലവിലുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത ജീവനക്കാർക്ക് നിലവിൽ റേഷ്യോ പ്രമോഷൻ നൽകുന്നില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ഈ ജീവനക്കാർക്ക് റേഷ്യോ പ്രൊമോഷൻ ഏറ്റവും അവസാനമായി നൽകിയത് എന്നാണ് എന്നറിയിക്കാമോ;

(ഡി) പ്രസ്തുത ജീവനക്കാരുടെ റേഷ്യോ പ്രമോഷൻ സംബന്ധിച്ച് പതിനൊന്നാം ശമ്പള കമ്മീഷൻ അനോമലി കമ്മിറ്റി ധനവകുപ്പിൽ HEDN-L1/84/2024 നമ്പർ പ്രകാരമുള്ള റിപ്പോർട്ട് സമർപ്പിച്ചത് എന്നാണെന്ന് അറിയിക്കാമോ;

(ഇ) പ്രസ്തുത റിപ്പോർട്ടിന്മേൽ നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ ജീവനക്കാർക്ക് 1985 മുതൽ നൽകിവന്നിരുന്ന റേഷ്യോ പ്രമോഷൻ ഇനിയെന്നാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

**<u>ജീവനക്കാരുടെ പെൻഷൻ പ്രായം</u>**

5803 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ നിയന്ത്രിത പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാരുടെയും ആരോഗ്യവകുപ്പിലെ ഡോക്ടർമാർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ ഡോക്ടർമാർ, നേഴ്സിങ് സ്റ്റാഫ് അടക്കമുള്ള ജീവനക്കാരുടെയും പെൻഷൻ പ്രായം ഉയർത്തിയതിന്റെ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

**<u>ധനകാര്യ സെക്രട്ടേറിയറ്റിലെ ഗസറ്റഡ് ഉദ്യോഗസ്ഥ നിയമനം</u>**

5804 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി

സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പിലെ ഗസറ്റഡ് വിഭാഗത്തിൽ മൂന്നുവർഷത്തിൽ അധികമായി ജോലിചെയ്യുന്ന എത്ര പേർ സെക്രട്ടേറിയറ്റ് ക്യാമ്പസിനുള്ളിൽ തുടരുന്നുണ്ട്; തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(ബി) ഇത്തരത്തിൽ മൂന്നുവർഷത്തിൽ അധികമായി ജോലി ചെയ്യുന്ന ഗസറ്റഡ് ഉദ്യോഗസ്ഥരെ സെക്രട്ടറിയേറ്റ് ക്യാമ്പസിന് വെളിയിൽ നിയമിക്കുന്നതിന് എതിരെ എത്ര ഉദ്യോഗസ്ഥർ വ്യക്തിപരമായി പരാതി നൽകിയിട്ടുണ്ടെന്നും പ്രസ്തുത പരാതിയിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് സാധുജന പരിപാലന സംഘം ജനറൽ സെക്രട്ടറി ബഹു. ധനമന്ത്രിക്കും ഭരണവിഭാഗത്തിനും പരാതി നൽകിയിരുന്നോ; എങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) പ്രസ്തുത വിഷയത്തിൽ സാധുജന പരിപാലന സംഘം ജനറൽ സെക്രട്ടറി ബഹു. മുഖ്യമന്ത്രിക്ക് നൽകിയ പരാതി പൊതുഭരണ സർവീസസ് സെക്ഷൻ മുഖേന ധനകാര്യ വകുപ്പിന് നൽകിയ ഫയലിൽ ധനകാര്യ വകുപ്പ് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>മെഡിസെപ്പ് പദ്ധതി ആകർഷകമാക്കാൻ നടപടി</u>

5805 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതിയുടെ പ്രീമിയം തുക വർദ്ധിപ്പിക്കുന്നതുൾപ്പെടെ എന്തെല്ലാം മാറ്റങ്ങൾ വരുത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇക്കാര്യങ്ങൾ പരിശോധിക്കുന്നതിനായി പ്രത്യേകം സമിതിയെ നിയോഗിച്ചിട്ടുണ്ടോ;

(സി) ചികിത്സയ്ക്ക് ചെലവാകുന്ന മുഴുവൻ തുകയും ആശുപത്രികൾക്ക നൽകണമെന്ന ആവശ്യം പരിശോധിക്കുമോ?

## <u>പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ കേന്ദ്ര നിരക്കിൽ സർക്കാർ വിഹിതം</u>

5806 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എൻ.പി.എസ്. ബാധകമായുള്ള എത്ര സർക്കാർ ജീവനക്കാർ നിലവിലുണ്ട്; അവരുടെ എണ്ണം വകുപ്പ് തിരിച്ച് നൽകാമോ;

(ബി) എൻ.പി.എസ്. സ്കീമിൽ ഉൾപ്പെട്ട് വിരമിച്ച ജീവനക്കാർക്ക് ലഭിച്ചുവരുന്ന പെൻഷൻ തുക എത്രയാണെന്നും അവർക്ക് ലഭിച്ച മറ്റു സർവ്വീസ് ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ;

(സി) കേന്ദ്ര സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന അതേ ശതമാനം തുക തന്നെ എൻപിഎസ് സ്കീമിലേക്ക് സംസ്ഥാന ജീവനക്കാർക്കും സർക്കാർ വിഹിതമായി നൽകുന്നതിന് നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ലീപ് സെന്ററുകൾ വ്യാപിപ്പിക്കുന്നതിന് വകയിരുത്തിയ തുക</u>**

5807 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ സംസ്ഥാനമൊട്ടാകെ ലീപ് സെന്ററുകൾ വ്യാപിപ്പിക്കുന്ന പദ്ധതിയ്ക്കായി എത്ര കോടി രൂപ വകയിരുത്തുമെന്നാണ് പ്രഖ്യാപിച്ചത്; ഇതിൽ നാളിതുവരെ ഏതൊക്കെ ഇനത്തിൽ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിൽ എത്ര കോടി രൂപ ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ?

**<u>പ്ലാൻ ഫണ്ടിലെ വെട്ടിക്കുറവ്</u>**

5808 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസ വകുപ്പിനും, ഉന്നത വിദ്യാഭ്യാസ വകുപ്പിനും പ്ലാൻ ഫണ്ട് ഇനത്തിൽ ഓരോ ഇനത്തിനും എത്ര രൂപയാണ് നീക്കിവെച്ചതെന്നും; ഇതിൽനിന്നും സാമ്പത്തിക പ്രതിസന്ധി മൂലം ഏതെങ്കിലും തുക വെട്ടികുറയ്ക്കുകയോ, പുനക്രമീകരിക്കുകയോ ചെയ്തിട്ടുണ്ടോ എന്നും, എങ്കിൽ അവയുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇങ്ങനെ വെട്ടി കുറക്കുകയോ പുനക്രമീകരിക്കുകയോ ചെയ്ത തുക പിന്നീട് അനുവദിക്കുന്നതിന് എന്തെങ്കിലും വ്യവസ്ഥയുണ്ടോ എന്ന് വ്യക്തമാക്കുമോ?

**<u>ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികളുടെ ഭരണാനുമതി</u>**

5809 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തികവർഷം സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ എത്ര പുതിയ പദ്ധതികൾ പ്രഖ്യാപിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഇവയിൽ എത്ര പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഭരണാനുമതി നൽകാൻ അവശേഷിക്കുന്ന പദ്ധതികൾ എത്രയാണെന്നും വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് മുൻ വർഷങ്ങളിൽ പ്രഖ്യാപിച്ച എത്ര പദ്ധതികൾ ഇപ്പോഴും നടപ്പിലാക്കുന്നതിനായി പരിഗണനയിലാണെന്ന് അറിയിക്കാമോ; ഭരണാനുമതി ലഭിക്കാൻ ബാക്കിയുള്ള പദ്ധതികൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) എത്ര പദ്ധതികളുടെ ഭരണാനുമതികൾ പുനഃപരിശോധിച്ചതിന് ശേഷം റദ്ദ് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഇ) തന്നാണ്ടിൽ നൽകിയ ഭരണാനുമതി പ്രകാരമുള്ള പദ്ധതികളിൽ ഏതെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ; അവശേഷിക്കുന്ന പദ്ധതികൾ എത്രയാണെന്ന്

വ്യക്തമാക്കാമോ?

**ബജറ്റ് പ്രസംഗത്തിൽ കാർഷിക മേഖലയ്ക്കായി പ്രഖ്യാപിച്ച തുക**

5810 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തികവർഷത്തേക്കുള്ള ബജറ്റ് പ്രസംഗത്തിൽ കാർഷിക മേഖലയ്ക്കായി എത്ര കോടി രൂപ വകയിരുത്തുമെന്നാണ് പ്രഖ്യാപിച്ചത്; ഇതിൽ എത്ര കോടി രൂപ നാളിതുവരെ അനുവദിച്ചുവെന്നും ഏതൊക്കെ ഇനത്തിലാണ് അനുവദിച്ചതെന്നും എത്ര കോടി രൂപ ചെലവഴിച്ചുവെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്നുമുള്ള വിവരങ്ങൾ വ്യക്തമാക്കുമോ?

**ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ച പദ്ധതികൾ**

5811 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതലുള്ള ബഡ്ജറ്റുകളിലൂടെ പുതുതായി പ്രഖ്യാപിച്ച മൊത്തം പദ്ധതികൾ എത്രയായിരുന്നു; അവയിൽ പൂർണ്ണമായും നടപ്പിലാക്കപ്പെട്ടവ എത്ര; ഭാഗികമായി മാത്രം നടപ്പിലാക്കപ്പെട്ടവ എത്ര; ഭരണാനുമതി നൽകിയെങ്കിലും നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തവ എത്ര; ഓരോ വർഷവും നടപ്പിലാക്കാൻ സാധിക്കാതെ പോയവ എത്ര; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിലെ എല്ലാ ബഡ്ജറ്റുകളിലും കൂടിയുള്ള ആകെ ബഡ്ജറ്റ് എസ്റ്റിമേറ്റ് തുക എത്ര; ഇതിൽ പദ്ധതി നടത്തിപ്പുകൾക്കായി പിൻവലിക്കപ്പെട്ട തുക എത്ര; വിശദമാക്കുമോ;

(സി) ഈ കാലയളവിൽ പ്രഖ്യാപിത പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഏറ്റവും പിന്നാക്കമായിരുന്ന വകുപ്പുകൾ ഏതൊക്കെയെന്ന് വ്യക്തമാക്കുമോ?

**മത്സ്യബന്ധന മേഖലയ്ക്കായി വകയിരുത്തിയ തുക**

5812 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മത്സ്യബന്ധന മേഖലയ്ക്കായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; ഇതിൽ നാളിതുവരെ ഏതൊക്കെ ഇനത്തിൽ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

**ഉദുമ മണ്ഡലത്തിലെ 20 ശതമാനം ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച പദ്ധതികൾ**

5813 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ 20 ശതമാനം ബഡ്ജറ്റ് പ്രൊവിഷൻ ലഭിച്ച ഉദുമ മണ്ഡലത്തിലെ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിൽ ഭരണാനുമതി ലഭിച്ചവയേതൊക്കെയെന്ന് വ്യക്തമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഉദുമ മണ്ഡലത്തിലെ 20 ശതമാനം ബജറ്റ് പ്രൊവിഷൻ ലഭിച്ച, എന്നാൽ ഭരണാനുമതി ലഭിക്കാത്ത പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

**തദ്ദേശ സ്ഥാപനങ്ങൾക്കുള്ള പദ്ധതി വിഹിതം**

5814 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കായി പ്രഖ്യാപിച്ച പദ്ധതി വിഹിതം എത്രയായിരുന്നെന്നും ഇത് പദ്ധതി അടങ്കലിന്റെ എത്ര ശതമാനമായിരുന്നെന്നും സാമ്പത്തിക പ്രതിസന്ധി കാരണം പദ്ധതി വിഹിതം വെട്ടിക്കുറച്ചതിനെ തുടർന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആകെ അനുവദിച്ച പദ്ധതി വിഹിതം എത്രയാണെന്നും പ്രസ്തുത തുക പദ്ധതി അടങ്കലിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കാമോ;

(ബി) പദ്ധതി വിഹിത ഇനത്തിൽ നാളിതുവരെ നടപ്പ് സാമ്പത്തിക വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് എത്ര തുക അനുവദിച്ച് നൽകിയിട്ടുണ്ടെന്നും പ്രസ്തുത തുക പദ്ധതി അടങ്കലിന്റെ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ?

**വനം - വന്യജീവി മേഖലയ്ക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക**

5815 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വനം - വന്യജീവി മേഖലയ്ക്കായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്; ഇതിൽ നാളിതുവരെ ഏതൊക്കെ ഇനത്തിൽ എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്നും ഏതൊക്കെ ഇനത്തിൽ എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

**സാമൂഹ്യ ക്ഷേമ പെൻഷൻ കൈപ്പറ്റിയ സർക്കാർ ജീവനക്കാർ**

5816 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷൻ കൈപ്പറ്റിയതായി കണ്ടെത്തിയ സർക്കാർ ജീവനക്കാരുടെ ആകെ എണ്ണം എത്രയാണെന്ന് വകുപ്പും തസ്തികയും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഏതൊക്കെ പരിശോധനകളിലൂടെയാണ് ഇത്തരം ജീവനക്കാരെ കണ്ടെത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ഇപ്രകാരം കണ്ടെത്തിയിട്ടുള്ളവരിൽ സർക്കാർ സർവീസിലിരിക്കെ ഏറ്റവും കൂടുതൽ കാലയളവ് ക്ഷേമപെൻഷൻ കൈപ്പറ്റിയ ജീവനക്കാരന്റെ തസ്തികയും കൈപ്പറ്റിയ കാലയളവും അറിയിക്കുമോ;

(ഡി) ഇപ്രകാരം ജീവനക്കാർക്ക് അനർഹമായി ക്ഷേമപെൻഷൻ അനുവദിക്കാൻ ഇടയായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഇ) അനർഹർക്ക് പെൻഷൻ അനുവദിക്കുന്നതിന് കൂട്ടുനിന്ന ഉദ്യോഗസ്ഥരുടെ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ള നിലപാട് എന്താണെന്ന് വ്യക്തമാക്കുമോ; ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനായി എന്തൊക്കെ മുൻകരുതൽ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**ക്ഷേമ പെൻഷൻ**

5817 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമപെൻഷൻ ലഭിക്കുന്ന എത്ര പേരാണ് നിലവിലുള്ളത്;

(ബി) ഒരു മാസത്തെ ക്ഷേമ പെൻഷൻ നൽകുന്നതിന് ധനകാര്യ വകുപ്പ് ചെലവിടുന്നത് എത്ര കോടി രൂപയാണ്;

(സി) 2015 -ൽ ഒരു മാസം ക്ഷേമ പെൻഷൻ നൽകുന്നതിന് എത്ര രൂപയായിരുന്നു ചെലവായിരുന്നത്;

(ഡി) അന്ന് പ്രസ്തുത പെൻഷൻ എത്രപേർക്കാണ് നൽകിയിരുന്നത്; വിശദമാക്കാമോ?

**നികുതി പിരിവ് കാര്യക്ഷമമാക്കാൻ നടപടി**

5818 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നികുതി പിരിവ് കാര്യക്ഷമമാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിനായി എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

**സ്വർണ്ണാഭരണ വിപണനത്തിന് ഇ-വേ ബിൽ സംവിധാനം**

5819 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ഡോ. മാത്യു കുഴൽനാടൻ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണാഭരണ വിപണനവുമായി ബന്ധപ്പെട്ട് പത്തുലക്ഷം രൂപയുടെ ബിസിനസ് ടു ബിസിനസ് ഇടപാടുകൾക്ക് ഏർപ്പെടുത്തിയ ഇ-വേ ബിൽ സംവിധാനം കാര്യക്ഷമമാണോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇ-വേ ബിൽ സംവിധാനം വഴി സ്വർണ്ണത്തിൽ നിന്നുള്ള നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുമെന്ന് കരുതുന്നുണ്ടോ;

(സി) സ്വർണ്ണാഭരണ വിപണനവുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ ഇ-വേ ബിൽ സംവിധാനം കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി</u>

5820 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതി വ്യക്തമാക്കാമോ;

(ബി) 2016-ന്റെ ആരംഭത്തിൽ സംസ്ഥാനത്തിന്റെ ആകെ കടം എത്രയായിരുന്നു എന്നറിയിക്കാമോ;

(സി) 2025 ജനുവരി 31 വരെ സംസ്ഥാനത്തിന്റെ കടം എത്രയായിരുന്നു എന്നറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിലേറുമ്പോൾ സംസ്ഥാനത്തിന്റെ കടബാധ്യത എത്ര കോടി ആയിരുന്നു എന്നറിയിക്കാമോ;

(ഇ) മുൻ സർക്കാരിന്റെ കാലംമുതൽ നാളിതുവരെ വിവിധ ഏജൻസികൾ വഴിയും ലോകബാങ്ക് മുഖേനയും സംസ്ഥാനം എടുത്ത കടം എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്താമോ; ഇവയുടെ തിരിച്ചടവ് വിവരങ്ങൾ വ്യക്തമാക്കാമോ?

## <u>സംസ്ഥാനത്തിന്റെ പൊതു കടം</u>

5821 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിൽ ഉണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നിലവിലുള്ള സംസ്ഥാനത്തിന്റെ പൊതു കടവും ഇപ്പോൾ നിലവിലുള്ള പൊതു കടവും എത്രയാണെന്ന് വ്യക്തമാക്കാമോ?

## <u>സംസ്ഥാനത്തിന്റെ ധനസ്ഥിതി</u>

5822 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ സംബന്ധിച്ച ഏറ്റവും പുതിയ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; ധനസ്ഥിതി മുൻ വർഷത്തെക്കാൾ മോശമായ അവസ്ഥയിലാണോ; എങ്കിൽ കാരണങ്ങൾ വിശദമാക്കാമോ;

(ബി) നടപ്പുവർഷം കേന്ദ്രം അനുവദിച്ച പരിധിയിൽ കൂടുതൽ കടമെടുക്കാൻ കേന്ദ്രത്തിൽ നിന്നും അനുമതി തേടിയിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വിശദമാക്കുമോ;

(സി) അധിക വായ്പയെടുത്ത് പ്രത്യുത്പാദനപരമല്ലാത്ത ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടിവരുന്നത് സംസ്ഥാനത്തിന്റെ ധനസ്ഥിതിക്ക്

ഗുണകരമാണോയെന്ന് വ്യക്തമാക്കുമോ?

**സംസ്ഥാനത്തിന്റെ ക്യാഷ് റിസർവ് പരിധി**

5823 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര ദിവസം സംസ്ഥാനത്തിന് റിസർവ് ബാങ്കിലുള്ള ക്യാഷ് റിസർവ് പരിധി നിലനിർത്താൻ സാധിക്കാതെ വരികയുണ്ടായി എന്നത് സംബന്ധിച്ച വിവരം ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ സംസ്ഥാനം എപ്പോഴെല്ലാം ഓവർ ഡ്രാഫ്റ്റിലായിട്ടുണ്ട്; ഓവർ ഡ്രാഫ്റ്റിന് പലിശ നൽകേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ എത്ര രൂപയാണ് പലിശ നൽകേണ്ടി വന്നതെന്ന് വിശദമാക്കുമോ;

(സി) നിലവിൽ സാമ്പത്തിക പ്രതിസന്ധിയില്ലെങ്കിൽ സർക്കാർ പല ഇനങ്ങളിലും നൽകേണ്ടതായ തുക നൽകാൻ കഴിയാതെ കുടിശികയാകുന്നത് എന്തുകൊണ്ടെന്നും ഏതെല്ലാം ഇനത്തിൽ എത്ര കോടി രൂപ കുടിശികയുണ്ടെന്നും വിശദമാക്കുമോ?

**യുവജനക്ഷേമ ബോർഡിൽ സ്ഥിരപ്പെടുത്തിയ ജിവനക്കാരുടെ ശമ്പളം**

5824 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 17.02.2021-ലെ സ.ഉ(കൈ) നം.3/2020/കാ.യു.വ. ഉത്തരവ് പ്രകാരം സംസ്ഥാന യുവജനക്ഷേമ ബോർഡിൽ സ്ഥിരപ്പെടുത്തിയ 16 ജീവനക്കാർക്ക് ധനകാര്യ വകുപ്പ് നിശ്ചയിച്ചിട്ടുള്ള ശമ്പള സ്കെയിലിൽ ശമ്പളം ലഭിക്കുന്നില്ലെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സ്ഥിരപ്പെടുത്തി നാല് വർഷം കഴിഞ്ഞിട്ടും കരാർ ജിവനക്കാർക്ക് ലഭിക്കുന്ന തുകയാണ് നൽകുന്നത് എന്നതിനാൽ ഇതുവരെയുള്ള കുടിശ്ശിക, പുതുക്കിയ ശമ്പളം എന്നിവ നൽകുന്നതിന് തടസമുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത ജിവനക്കാർക്ക് സ്ഥിരപ്പെടുത്തി നിശ്ചയിച്ചിട്ടുള്ള ശമ്പള സ്കെയിലിൽ ശമ്പളം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

**ചാപ്പനങ്ങാടി-ഇന്ത്യനൂർ റോഡിലെ ഡ്രെയിനേജ് നിർമ്മാണം**

5825 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ ചാപ്പനങ്ങാടി-ഇന്ത്യനൂർ റോഡിലെ വെള്ളക്കെട്ട് പരിഹരിക്കുന്നതിനുള്ള ഡ്രെയിനേജ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രൊപ്പോസലിന്മേൽ (ഫയൽ നമ്പർ ഐ.എൻ.ഡി& പി.ഡബ്ല്യൂ.ബി1/367/2023) ധനകാര്യ വകുപ്പ് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രവൃത്തിയുടെ അടിയന്തര പ്രധാന്യം കണക്കിലെടുത്ത് മതിയായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**ധനകാര്യ വകുപ്പിന്റെ സർപ്രൈസ് ഇൻസ്പെക്ഷൻ**

5826 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ് (നോൺ ടെക്നിക്കൽ) ഇതര സർക്കാർ വകുപ്പുകളിലും സ്ഥാപനങ്ങളിലും നടത്തിയിട്ടുള്ള സർപ്രൈസ് ഇൻസ്പെക്ഷൻ എത്രയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഇൻസ്പെക്ഷനുകളിൽ കണ്ടെത്തിയ ക്രമക്കേടുകൾ വകുപ്പുകൾ, ആഫീസുകൾ തിരിച്ച് വിശദമാക്കാമോ;

(സി) മേൽപ്പറഞ്ഞ ക്രമക്കേടുകളിന്മേൽ നടപടി ശിപാർശ ചെയ്തിട്ടുള്ളവയിൽ നടപടി സ്വീകരിച്ച വകുപ്പുകളും നടപടി സ്വീകരിച്ചിട്ടില്ലാത്ത വകുപ്പുകളും ഏതൊക്കെയെന്ന് വിശദമാക്കാമോ?

## ഓരുവെള്ളം തടയുന്ന പദ്ധതിക്ക് തുക

5827 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനത്താൽ വൈപ്പിൻ, പശ്ചിമ കൊച്ചി ഉൾപ്പെടെയുള്ള തീരദേശ മേഖലയിൽ വേമ്പനാട് കായലിൽ നിന്നും വേമ്പനാട് കായലിന്റെ കൈവഴികളായ വീരൻപുഴ, കൊച്ചി കായൽ ഉൾപ്പെടെയുള്ള കായലുകളിൽ നിന്നും ഓരുവെള്ളം കയറുന്നതിന്റെ ദുരന്തസാധ്യതകൾ കണക്കിലെടുത്തും പഠന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും വേമ്പനാട് കായൽ സംരക്ഷണം, പുഴകളുടേയും കായലുകളുടേയും തോടുകളുടേയും പാർശ്വഭിത്തി കെട്ടി ഭൂനിരപ്പ് ഉയർത്തൽ, എക്കലും ചെളിയും നീക്കം ചെയ്യൽ ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഫണ്ട് അനുവദിക്കുമോ;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ തുക കണ്ടെത്താനും നടപ്പിലാക്കാനും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

5828 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി ധനസഹായത്തോടെ വിവിധ വകുപ്പുകൾ മുഖേന മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച പദ്ധതികൾക്കുള്ള തുക സംബന്ധിച്ച് വിശദമാക്കുമോ?

## ചിറ്റൂർ ഗവണ്മെന്റ് കോളേജിലെ കിഫ്ബി പദ്ധതി

5829 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ ഗവണ്മെന്റ് കോളേജിൽ കിഫ്ബി പദ്ധതി പ്രകാരം ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റിനായി അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്നും നിർമ്മാണം ആരംഭിക്കാനുള്ള കാലതാമസത്തിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## കോങ്ങാട് മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

5830 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതി പ്രകാരം കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ച വിവിധ വികസന പ്രവൃത്തികൾ സംബന്ധിച്ച് വിശദാംശം നൽകാമോ;

(ബി) ഓരോ പ്രവൃത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഓരോ പ്രവൃത്തിയുടെയും പേര്, വകുപ്പ്, നിലവിലെ സ്ഥിതി ഇവ സംബന്ധിച്ച വിശദാംശവും നൽകാമോ?

## അരൂർ മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ

5831 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അരൂർ മണ്ഡലത്തിൽ അനുവദിച്ച പെരുമ്പളം പാലം, നെടുമ്പ്രക്കാട്-വിളക്കുമരം പാലം എന്നീ പ്രവൃത്തികളിൽ പാലം നിർമ്മാണം പൂർത്തീകരിച്ചിട്ടും ബന്ധപ്പെട്ട അപ്രോച്ച് റോഡിന്റെ നിർമ്മാണം വൈകുന്നതിനാൽ പ്രസ്തുത പ്രവൃത്തികളുടെ ഉദ്ഘാടനം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പെരുമ്പളം പാലത്തിന്റെ അപ്രോച്ച് റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് റേറ്റ് റിവിഷനുമായി ബന്ധപ്പെട്ട ഏതെങ്കിലും ഫയൽ പെൻഡിംഗ് ഉണ്ടോ എന്ന് വിശദമാക്കാമോ?

## ബാറുകളുടെ നികുതി കുടിശികകൾക്ക് ആംനസ്റ്റി പദ്ധതി പ്രകാരം ഇളവ്

5832 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാർ ഉടമകളുടെ 2005 മുതൽ 2021 വരെയുള്ള നികുതി കുടിശികകൾക്ക് ആംനസ്റ്റി പദ്ധതി പ്രകാരം പലിശയിലും പിഴയിലും ഇളവ് നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; കാരണം വിശദമാക്കുമോ;

(ബി) 2005 മുതൽ നടത്തിയ ബാർ പരിശോധനകൾ ഇതോടെ വെറുതെയാകുമെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബാറുകൾക്ക് ഇപ്രകാരം ആംനസ്റ്റി ഇതിന് മുൻപ് നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) കൃത്യമായി നികുതി അടച്ചുകൊണ്ടിരിക്കുന്ന ബാറുകൾക്ക് നികുതി അടയ്ക്കാതിരിക്കാൻ പ്രോത്സാഹനം നൽകുന്നതല്ലേ പ്രസ്തുത നടപടി എന്ന് വ്യക്തമാക്കുമോ?

## ജി.എസ്.ടി. മൂലം നികുതി വരുമാനത്തിൽ ഉണ്ടായ നഷ്ടം

5833 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി നടപ്പിലാക്കിയതുമൂലം നികുതി വരുമാനത്തിൽ ഉണ്ടായ നഷ്ടം വർഷം തിരിച്ച് വ്യക്തമാക്കാമോ?

## വ്യാജ ബിരുധ സർട്ടിഫിക്കറ്റ് ഉപയോഗിച്ചുള്ള പ്രമോഷൻ

5834 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിൽ വ്യാജ ബിരുദ സർട്ടിഫിക്കറ്റ് ഹാജരാക്കി ഏതെങ്കിലും ഉദ്യോഗസ്ഥൻ പ്രമോഷൻ നേടിയിട്ടുണ്ടോ; എങ്കിൽ പ്രമോഷൻ നേടിയ ഉദ്യോഗസ്ഥൻ നിലവിൽ അതേ തസ്തികയിൽ സേവനം തുടരുന്നുണ്ടോ; ഇദ്ദേഹം അനധികൃതമായി സ്ഥാനക്കയറ്റം നേടിയെന്ന് എന്നാണ് കണ്ടെത്തിയത്; ഇദ്ദേഹത്തെ സർവ്വീസിൽ തുടരാൻ അനുവദിക്കുന്നതിന് പ്രത്യേക കാരണമുണ്ടോ; ഇദ്ദേഹത്തിനെതിരെ സ്വീകരിച്ചിട്ടുള്ള വകുപ്പുതല അച്ചടക്കനടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

## ബാറുകളിൽ നിന്ന് ലഭിക്കുവാനുള്ള നികുതി കുടിശിക തീർപ്പാക്കാൻ ആംനസ്റ്റി സ്കീം

5835 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005 മുതൽ 2021 വരെ ബാറുകളിൽ നിന്ന് ലഭിക്കുവാനുള്ള നികുതി കുടിശിക എത്രയാണ്; പ്രസ്തുത കുടിശിക തീർപ്പാക്കുന്നതിലേക്കായി ആംനസ്റ്റി സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വർഷങ്ങളിലാണ് ഈ സ്കീം കൊണ്ടുവന്നിട്ടുള്ളത്; വിശദമാക്കുമോ?

## ട്രഷറി നിയന്ത്രണം

5836 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ട്രഷറി നിയന്ത്രണമുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ട്രഷറി നിയന്ത്രണം കൊണ്ട് അർത്ഥമാക്കുന്നത് എന്താണെന്നും നിയന്ത്രണ കാലത്ത് എത്ര രൂപ വരെയുള്ള ബില്ലുകളാണ് മാറാൻ കഴിയുകയെന്നും വ്യക്തമാക്കാമോ;

(സി) മാറിക്കിട്ടാനായി സമർപ്പിച്ച എത്ര ബില്ലുകൾ വിവിധ ട്രഷറികളിൽ പെൻഡിംഗിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ കരാറുകാരുടെ ബില്ലുകൾ എത്രയാണെന്ന് ജില്ലതിരിച്ച് വ്യക്തമാക്കാമോ;

(ഡി) എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്ന് അനുവദിച്ച തുക ഉപയോഗിച്ച് പൂർത്തിയാക്കിയ പ്രവൃത്തികളുടെ ബില്ലുകൾ മാറിനൽകാൻ ബാക്കിയുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം നൽകാമോ?

## സാമ്പത്തിക പ്രതിസന്ധിയും ട്രഷറി നിയന്ത്രണവും

5837 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം അവസാനിക്കുവാൻ ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ സംസ്ഥാനത്തെ ട്രഷറികളിൽ തീർപ്പാക്കാതെ ബില്ലുകൾ കെട്ടിക്കിടക്കുന്നതായും തന്മൂലം ട്രഷറി നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ടോയെന്നുമുള്ള വിശദാംശം നൽകുമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേതുൾപ്പെടെ പെന്റിങ്ങുള്ള ബില്ലുകൾ എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; കരാറുകാർക്ക് നൽകുവാനുള്ള കുടിശിക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാനും മാർച്ച് മാസത്തിൽ തന്നെ സമർപ്പിച്ച എല്ലാ ബില്ലുകളും തീർപ്പാക്കുവാനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

## ട്രഷറി നിയന്ത്രണം

5838 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ പണം പിൻവലിക്കുന്നതിനും ബില്ലുകൾ മാറുന്നതിനും മറ്റും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് റോഡ് ഉൾപ്പെടെയുള്ള വികസന പ്രവർത്തനങ്ങൾ പ്രസ്തുത ട്രഷറി നിയന്ത്രണം മൂലം തടസ്സപ്പെട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## വളാഞ്ചേരി, കോട്ടയ്ക്കൽ സബ്ട്രഷറികളുടെ കെട്ടിടനിർമ്മാണം

5839 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി, കോട്ടക്കൽ സബ്ട്രഷറികളുടെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ബി) വളാഞ്ചേരി സബ്ട്രഷറിക്ക് വേണ്ടി ഗ്രാമവികസന വകുപ്പിന്റെ കൈവശമുള്ള ഭൂമി ലഭ്യമാക്കുന്നതിനായി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) കോട്ടക്കൽ സബ് ട്രഷറിക്കുവേണ്ടി ഗ്രാമവികസന വകുപ്പിന്റെ കൈവശമുള്ള ഭൂമി ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

## കുത്തിയതോട് സബ് ട്രഷറി നിർമ്മാണം

5840 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുത്തിയതോട് സബ് ട്രഷറി നിർമ്മാണത്തിന് കുത്തിയതോട് ഗ്രമപഞ്ചായത്ത് സ്ഥലം വിട്ടുനൽകിയിട്ടും നിർമ്മാണം താമസിക്കുന്നതിനുള്ള കാരണം

വിശദമാക്കാമോ;

(ബി) പ്രസ്തുത ട്രഷറി നിർമ്മാണത്തിന് നിലവിൽ സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ?

**<u>ലോട്ടറി ഏജന്റ് വെബ്സൈറ്റ് ഹാക്ക് ചെയ്യാൻ ശ്രമിച്ച സംഭവം</u>**

5841 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാഗ്യക്കുറി വകുപ്പിന്റെ വെബ്സൈറ്റ്, ലോട്ടറി ഏജന്റ് 08-01-2025 ൽ 150 പ്രാവശ്യം ഹാക്ക് ചെയ്യാൻ ശ്രമിച്ചത് സംബന്ധിച്ച് എറണാകുളം ജില്ലയിലെ ഇ-10438, ഇ-8614 എന്നീ ഏജൻസികൾക്കെതിരെ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നറിയിക്കാമോ;

(ബി) മേൽപ്പറഞ്ഞ ഏജൻസികളുടെ ലൈസൻസ് സസ്പെൻഡ് ചെയ്തിട്ടുണ്ടോ; അറിയിക്കാമോ; ഇല്ലെങ്കിൽ ആരോപണം ഉയർന്നിട്ടും ലോട്ടറി വകുപ്പ് തന്നെ ഇക്കാര്യത്തിൽ പോലീസിൽ പരാതി നൽകിയിട്ടും ഈ ഏജൻസികളുടെ ലൈസൻസ് സസ്പെൻഡ് ചെയ്യാത്തത് എന്തുകൊണ്ടാണ് എന്ന് അറിയിക്കാമോ?

**<u>ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം</u>**

5842 **ശ്രീ. കെ.വി.സുമേഷ്**
**ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. പി.പി. സുമോദ്**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വകുപ്പിൽ നിന്നും നൽകുന്ന സേവനങ്ങൾ വൈവിധ്യവൽക്കരിക്കുന്നതിനും നിലവിൽ ജീവനക്കാർക്കായി നൽകിവരുന്ന സേവനങ്ങൾ സ്വകാര്യ മേഖലയിലെയും അസംഘടിത മേഖലയിലെയും തൊഴിലാളികൾക്കും കൂടി ഉപകാരപ്രദമാകുന്ന നിലയിൽ വിപുലീകരിക്കുന്നതിനുമുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത സേവനങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും നൽകുന്നതിനായി വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനീകരിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

**<u>മെഡിസെപ് പദ്ധതി പ്രകാരം അവയവമാറ്റ ശസ്ത്രക്രിയകൾക്ക് അനുവദിക്കുന്ന തുക</u>**

5843 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാരുടെയും അദ്ധ്യാപകരുടെയും അവയവമാറ്റ ശസ്ത്രക്രിയകൾക്ക് മെഡിസെപ് പദ്ധതി പ്രകാരം അനുവദിക്കുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം അവയവമാറ്റ ശസ്ത്രക്രിയകൾക്ക് പരമാവധി അനുവദിക്കുന്ന തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) മെഡിസെപ് പദ്ധതി പ്രകാരം വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയകൾക്ക് അനുവദിക്കുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയകൾക്ക് അനുവദിക്കുന്ന തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയത് പുനപരിശോധിക്കുമോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്ന് വിശദമാക്കാമോ?

## <u>മെഡിസെപ്പ് പദ്ധതി നടത്തിപ്പിനുള്ള ഏജൻസി</u>

5844 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതി നടത്തിപ്പിന് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ്, ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് എന്നിവരെ ഏജൻസിയായി നിയമിക്കുന്നത് സർക്കാർ പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

## <u>മെഡിസെപ്പ് പദ്ധതി</u>

5845 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിസെപ്പ് പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളിലെ എല്ലാ ചികിത്സാ വിഭാഗങ്ങളെയും മെഡിസെപ്പിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ആശുപത്രികളിൽ കിടത്തി ചികിത്സ നടത്തി വിവിധ പരിശോധനകൾക്കു ശേഷം കാര്യമായ അസുഖമൊന്നും ഇല്ലെന്ന് കണ്ടെത്തിയാൽ ഇൻഷ്വറൻസ് കമ്പനി തുക കൊടുക്കാൻ തയ്യാറാകാത്തതു പരിഹരിക്കാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

## <u>കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി ലഭിക്കുന്ന സേവനങ്ങൾ</u>

5846 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ധനകാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ മേഖലകളിലെ ആവശ്യങ്ങൾക്കാണ് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി ധനസഹായം അനുവദിക്കുന്നത് എന്ന് വിശദമാക്കാമോ;

(ബി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വഴി ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## <u>കോട്ടയം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റി</u>

5847 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കോട്ടയം ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയും കോട്ടയം ജില്ലയിൽ പ്രവർത്തിക്കുന്ന താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റിയും മുഖാന്തരം എത്ര പേർക്കാണ് സൗജന്യ നിയമസഹായം നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) പൊതുജനങ്ങൾക്ക് സൗജന്യ നിയമസഹായം നൽകുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

## കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റി

5848 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെക്സ്ഫെഡിന്റെ കീഴിൽ നടുവണ്ണൂർ മന്ദൻകാവിൽ പ്രവർത്തിച്ചുവരുന്ന കാലിക്കറ്റ് ഇന്റഗ്രേറ്റഡ് പവർലൂം കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ മെഷിനറികൾ മാറ്റി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത സൊസൈറ്റിയ്ക്ക് ധനസഹായം അനുവദിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ധനസഹായം അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) 2024-25 സാമ്പത്തിക വർഷത്തിൽ ടെക്സ്ഫെഡിന്റെ കീഴിലുള്ള ഏതൊക്കെ പവർലൂം സൊസൈറ്റികൾക്കാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

5849 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാരിന്റെ വിവിധ ബജറ്റുകളിൽ പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങൾക്ക് എത്ര തുകയാണ് ബജറ്റ് വിഹിതമായി നൽകിയത് എന്ന് വർഷം തിരിച്ച് നൽകാമോ; ഓരോ സ്ഥാപനത്തിനുമുള്ള ബജറ്റ് വിഹിതം എത്രയെന്ന് വ്യക്തമാക്കുമോ?

## ട്രാക്കോ കേബിൾ

5850 **ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1964 മുതൽ വ്യവസായ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ ട്രാക്കോ കേബിൾ നേരിടുന്ന സാമ്പത്തിക ബാധ്യത ലഘൂകരിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചതെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത കമ്പനിയുടെ ഉല്പന്നങ്ങൾക്ക് വൻ ഡിമാന്റുണ്ടെങ്കിലും സാമ്പത്തിക പ്രതിസന്ധി കാരണം മൂലധനമില്ലാത്തതിനാൽ അസംസ്കൃത വസ്തുക്കൾ വാങ്ങാൻ

പോലും സാഹചര്യമില്ലാത്ത നിലവിലെ സ്ഥിതി പരിഗണിച്ച് സർക്കാർ സഹായം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) കമ്പനിയുടെ ഉടമസ്ഥതയിലുള്ള 35 ഏക്കർ സ്ഥലം ഇൻഫോ പാർക്കിന് വിറ്റ് സാമ്പത്തിക ബാധ്യത ലഘൂകരിക്കുന്നതിന് വേണ്ട സത്വര നടപടി സ്വീകരിക്കുമോ?

## വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

5851 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങൾ പ്രോഫിറ്റ് ഗ്രാഫ് അനുസരിച്ച് ലിസ്റ്റ് ചെയ്ത് അറിയിക്കാമോ;

(സി) ഇതിൽ നഷ്ടത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടോ; എങ്കിൽ അവയുടെ പേര് വിവരം ലഭ്യമാക്കാമോ?

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം

5852 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥനത്ത് എത്ര പൊതുമേഖലാ സ്ഥാപനങ്ങളുണ്ടെന്നും അവയുടെ പ്രവർത്തനങ്ങൾ കാലകാലങ്ങളിൽ മോണിട്ടർ ചെയ്യുന്നതിനായി എന്തെല്ലാം ക്രമീകരണങ്ങൾ നിലവിലുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) സാമ്പത്തിക പ്രതിസന്ധി നേരിടുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ സഹായിക്കുവാൻ പ്രത്യേക പാക്കേജ് പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

## എ.വി.ജി.സി. വ്യവസായ മേഖല

5853 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനിമേഷൻ, വിഷ്വൽ എഫക്ട്, ഗെയിമിംഗ്, കോമിക്സ് എന്നിവ ഉൾപ്പെടെയുള്ള എ.വി.ജി.സി. വ്യവസായ മേഖലയിലെ സംരംഭകർക്ക് സഹായം അനുവദിക്കുമെന്ന നടപ്പ് വർഷത്തെ ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഇനത്തിൽ നാളിതുവരെ എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ?

## ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിലൂടെ പ്രതീക്ഷിക്കുന്ന തൊഴിലവസരം

5854 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**

**ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻവെസ്റ്റ് കേരള ഗ്ലോബൽ സമ്മിറ്റിൽ സംസ്ഥാനത്തിന്റെ മികവുകളും നിക്ഷേപ സാധ്യതകളും വിജയകരമായി അവതരിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സമ്മിറ്റിൽ പങ്കെടുത്ത ആഗോള നിക്ഷേപകരുടെ പ്രതികരണം ഏത് രീതിയിലായിരുന്നു; വിശദമാക്കുമോ;

(സി) പ്രസ്തുത സമ്മിറ്റിലൂടെ പ്രതീക്ഷിക്കുന്ന തൊഴിലവസരം സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>പിറവം മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിലുള്ള ഭൂമി</u>**

5855 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ എത്ര ഭൂമിയാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഭൂമിയിൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എത്ര ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; ഭൂമി ലഭിച്ച സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും പേര് വിവരങ്ങളും അനുവദിച്ച ഭൂമിയുടെ അളവും പട്ടിക രൂപത്തിൽ ലഭ്യമാക്കാമോ;

(സി) പിറവം മണ്ഡലത്തിൽ വ്യവസായ വകുപ്പിന് കീഴിൽ എത്ര ഭൂമിയാണ് വ്യവസായ ആവശ്യത്തിന് നൽകാതെ നിഷ്ക്രിയമായി കിടക്കുന്നതെന്ന് വ്യക്തമാക്കാമോ?

**<u>ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്</u>**

5856 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് പ്രകാരം സംസ്ഥാനത്തെ ഓരോ ജില്ലയിലും കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങളുടെ കണക്കുകൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ബിസിനസ് തുടങ്ങുവാൻ വേണ്ടി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി തുടങ്ങുവാൻ വേണ്ടി തൊഴിൽ നിയമങ്ങളിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

**<u>കേരളം പ്രകൃതിദത്ത റബ്ബർ വ്യവസായങ്ങളുടെ ഹബ്ബ്</u>**

5857 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ**
**ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ പ്രകൃതിദത്ത റബ്ബർ വ്യവസായങ്ങളുടെ ഹബ്ബാക്കി മാറ്റുന്നത് ലക്ഷ്യമിട്ട് വിഭാവനം ചെയ്തിട്ടുള്ള പ്രവർത്തനങ്ങൾ വിശദീകരിക്കുമോ;

(ബി) റബ്ബർ വ്യവസായ രംഗത്ത് നിക്ഷേപം സമാഹരിക്കുന്നതിനായി നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി രൂപീകരിച്ചിട്ടുള്ള കേരള റബ്ബർ ലിമിറ്റഡ് കമ്പനിയിൽ നിന്നും നിക്ഷേപകർക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഡി) ആഗോള നിക്ഷേപക ഉച്ചകോടിയുടെ ഭാഗമായി പ്രസ്തുത രംഗത്ത് നിക്ഷേപിക്കുവാൻ നിക്ഷേപകർ സന്നദ്ധരായിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>സംസ്ഥാനത്തെ വ്യവസായ സൗഹൃദ ആവാസ വ്യവസ്ഥയായി ഉയർത്തിക്കൊണ്ടുവരാൻ നടപടി</u>**

5858 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ. സി. എച്ച്. കുഞ്ഞമ്പു**
**ശ്രീ . കെ .ഡി .പ്രസേനൻ**
**ശ്രീ. ഐ. ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ രൂപീകരിച്ച വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഏഴ് പ്രധാന രംഗങ്ങളിൽ പരിഷ്കരണ നടപടികൾ സ്വീകരിക്കുന്നതിനും അതിലൂടെ സംസ്ഥാനത്തെ വ്യവസായ സൗഹൃദ ആവാസ വ്യവസ്ഥയായി ഉയർത്തിക്കൊണ്ടു വരുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) വ്യവസായ നയം പ്രകാരം മുൻഗണന നിശ്ചയിച്ച എല്ലാ മേഖലകളിലും പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും നിക്ഷേപങ്ങൾ സമാഹരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മെഡിക്കൽ ഉപകരണ വ്യവസായ രംഗത്ത് ഉണ്ടായിട്ടുള്ള പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ ?

**<u>ലോക സാമ്പത്തിക ഫോറത്തിൽ കേരളത്തിന്റെ പങ്കാളിത്തം</u>**

5859 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീ. കെ. പ്രേംകുമാർ**
**ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക സാമ്പത്തികഫോറത്തിൽ സംസ്ഥാനത്തിന്റെ പങ്കാളിത്തം സംസ്ഥാനത്തെ നിക്ഷേപസമാഹരണ പ്രവർത്തനങ്ങൾക്ക് എത്രമാത്രം നിർണ്ണായകമായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) വ്യവസായമേഖലയിൽ സംസ്ഥാനം നേടിയിട്ടുള്ള പുരോഗതി ഒരു ആഗോളഫോറത്തിൽ ചർച്ചയായി എന്നത് സംസ്ഥാനത്ത് നടത്തിയ ആഗോള

നിക്ഷേപക ഉച്ചകോടിയുടെ വിജയകരമായ നടത്തിപ്പിന് കാരണമായിട്ടുണ്ടോ; വിശദീകരിക്കുമോ;

(സി) ലോക സാമ്പത്തികഫോറത്തിൽ പങ്കെടുത്ത ഇതര സംസ്ഥാനങ്ങളിലെ പ്രതിനിധികൾ കേരളത്തിന്റെ നേട്ടങ്ങളെ അഭിനന്ദിക്കുകയുണ്ടായോ; പ്രസ്തുത നേട്ടത്തിന് ആധാരമായ പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

## കാർഷിക മൂല്യവർദ്ധിത ഉല്പന്ന വ്യവസായം

5860 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മൂല്യ വർദ്ധിത ഉല്പന്ന വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ ആരംഭിക്കുന്ന വ്യവസായങ്ങളുടെ ഭാഗമായി തയ്യാറാക്കുന്ന ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനായി എന്തൊക്കെ അനുമതികൾ ലഭ്യമാക്കേണ്ടതുണ്ടെന്ന് വിശദമാക്കാമോ?

## ഗവേഷണ ഫലവുമായി ബന്ധപ്പെട്ട് ഉല്പാദന വ്യവസായങ്ങൾക്ക് പ്രാധാന്യം

5861 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ പാർക്കുകളിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാപനങ്ങളിലെ ഗവേഷണ ഫലവുമായി ബന്ധപ്പെട്ട ഉല്പാദന വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകുമോ; വിശദമാക്കുമോ?

## വാമനപുരം മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ

5862 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിൽ വ്യവസായ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന വിവിധ പദ്ധതികൾ എന്തെല്ലാമാണെന്നും അവയുടെ പുരോഗതിയും അറിയിക്കാമോ?

## പുതുസംരംഭങ്ങൾ ആരംഭിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയ തുക

5863 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊട്ടാകെ പുതുസംരംഭങ്ങൾ ആരംഭിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയതെന്നും എത്ര തുക അനുവദിച്ചുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും എത്ര സംരംഭങ്ങൾക്ക് സഹായം നൽകിയെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

## താമരക്കുളം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റോഡ്

5864 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം,

വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര മണ്ഡലത്തിൽ വ്യവസായ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള താമരക്കുളം മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റോഡ് തകർന്ന് അതീവ ശോചനീയാവസ്ഥയിൽ ആയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത റോഡ് പുനരുദ്ധാരണത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## അരൂർ മണ്ഡലത്തിലെ അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ അനുവദിച്ച പ്രവൃത്തികൾ

5865 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ അരൂർ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ 2016 മുതൽ സർക്കാർ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ടെന്നും അവ പൂർത്തീകരിക്കാത്തതിന്റെ കാരണം എന്താണെന്നും വിശദമാക്കാമോ?

## കട്ടിപ്പാറ വ്യവസായ എസ്റ്റേറ്റിന്റെ നിർമ്മാണപുരോഗതി

5866 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ ഗ്രാമപ്പഞ്ചായത്തിലെ രാരോത്ത് വില്ലേജിൽ ഉൾപ്പെട്ട കട്ടിപ്പാറ വ്യവസായ എസ്റ്റേറ്റിന്റെ നിർമ്മാണപുരോഗതി സംബന്ധിച്ച് വിശദീകരിക്കാമോ;

(ബി) 2025 -26 സാമ്പത്തികവർഷത്തിൽ പ്രസ്തുത വ്യവസായ എസ്റ്റേറ്റിലെ പ്ലോട്ടുകൾ സംരംഭകർക്ക് അലോട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

## മണലൂർ മണ്ഡലത്തിലെ മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ

5867 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ എത്ര മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത മിനി ഇൻഡസ്ട്രിയൽ പാർക്കുകളിൽ പുതിയ സംരംഭങ്ങൾ തുടങ്ങുന്നതിന് സംരംഭകരെ സഹായിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി വ്യവസായ വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് പുതിയ വ്യവസായ എസ്റ്റേറ്റുകൾ തുടങ്ങുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## വ്യവസായ വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികൾ

5868 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ വ്യവസായ വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ ക്രമക്കേട് സംബന്ധിച്ചും വകുപ്പ് തലത്തിലും അഴിമതി നിരോധന നിയമപ്രകാരവും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## വൈപ്പിൻ മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

5869 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം വൈപ്പിൻ മണ്ഡലത്തിൽ എത്ര ചെറുകിട സംരംഭങ്ങൾക്ക് അനുമതിയും സഹായവും ലഭിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ വൈപ്പിൻ മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ സംരംഭ വികസന പദ്ധതി

5870 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭ വികസന പദ്ധതിയുടെ ഭാഗമായി പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നടപ്പാക്കി വരുന്ന പ്രവർത്തനങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഒരു വർഷം ഒരു ലക്ഷം സംരംഭങ്ങൾ എന്ന പദ്ധതി പ്രകാരം പൂഞ്ഞാർ മണ്ഡലത്തിൽ എത്ര പുതിയ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ?

## വൈപ്പിൻ മണ്ഡലത്തിലെ കെ-സ്വിഫ്റ്റ് പദ്ധതി

5871 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സംരംഭകർക്കായുള്ള കെ-സ്വിഫ്റ്റ് പദ്ധതിയിൽ വൈപ്പിൻ മണ്ഡലത്തിൽ നിന്നും അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും ലഭിച്ച അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടികൾ എന്തെന്നും വിശദമാക്കാമോ?

## പാലക്കാട് ജില്ലയിലെ വ്യവസായ സംരംഭങ്ങൾ

5872 **ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പുതുതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വ്യവസായ സംരംഭങ്ങൾ ഏതെല്ലാം; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് പാലക്കാട് ജില്ലയിൽ പുതുതായി ആരംഭിച്ച വ്യവസായ സംരംഭങ്ങളുടെ നിലവിലെ സ്ഥിതി എന്താണ്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## <u>ഷൊർണ്ണൂർ മണ്ഡലത്തിലെ വ്യവസായ വകുപ്പ് പദ്ധതികൾ</u>

5873 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം ഷൊർണ്ണൂർ മണ്ഡലത്തിൽ എത്ര ചെറുകിട സംരംഭങ്ങൾക്ക് അനുമതിയും സഹായവും ലഭിച്ചിട്ടുണ്ടെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ ഷൊർണ്ണൂർ മണ്ഡലത്തിൽ വ്യവസായ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ?

## <u>ഭക്ഷ്യസംസ്കരണ വ്യവസായങ്ങളുടെ സാധ്യത</u>

5874 **ശ്രീ. ടി. പി .രാമകൃഷ്ണൻ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീമതി ദെലീമ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യസംസ്കരണ വ്യവസായങ്ങളുടെ സാധ്യത അനാവരണം ചെയ്യുന്നതിന് ഇൻവെസ്റ്റ് കേരള ആഗോള നിക്ഷേപക ഉച്ചകോടിയിലൂടെ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഉച്ചകോടിയുടെ ഭാഗമായി, ഈ രംഗത്ത് സംസ്ഥാനത്തെ അനുകൂല സാഹചര്യങ്ങളും നേരിടുന്ന വെല്ലുവിളികളും സംബന്ധിച്ച് സമഗ്രമായ ചർച്ച സംഘടിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ആഗോള നിക്ഷേപകരെയും ആഭ്യന്തര നിക്ഷേപകരെയും ഈ രംഗത്തേക്ക് ആകർഷിക്കുന്നതിനായി നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ ഈ രംഗത്ത് നിക്ഷേപം വർധിപ്പിക്കുന്നതിന് സഹായകമാണോ; വിശദമാക്കുമോ;

(ഡി) ഫുഡ്ടെക് വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ പിന്തുണ ഉറപ്പുവരുത്തുന്നതിനും ഇതിനാവശ്യമായ നയപരിപാടികൾക്ക് രൂപം നൽകുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ?

## <u>ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി</u>

5875 **ശ്രീ. യു. ആർ. പ്രദീപ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2011-2016 സർക്കാരിന്റെ കാലത്ത് പ്രവൃത്തി നിലച്ചുപോയ ഗെയിൽ വാതക പൈപ്പ് ലൈൻ പദ്ധതി 2016-ലെ സർക്കാർ വന്നതിന് ശേഷം തടസ്സങ്ങൾ

നീക്കി മുന്നോട്ടു കൊണ്ടു പോയതിന്റെ അടിസ്ഥാനത്തിൽ ഇപ്പോൾ ആയതിന്റെ എത്ര ശതമാനം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന വിശദാംശം ലഭ്യമാക്കാമോ;

(ബി) ഗെയിൽ പൈപ്പ് ലൈൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഉണ്ടാകാൻ പോകുന്ന നേട്ടങ്ങൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

## <u>പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനം</u>

5876 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ പി.എസ്.സി. മുഖേന അല്ലാതെയുള്ള നിയമനങ്ങൾ നടത്തുന്നതിനായി പബ്ലിക് സെക്ടർ സെലക്ഷൻ ആൻഡ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വ്യവസായ വകുപ്പിന് കീഴിലുള്ള ഓരോ പൊതുമേഖലാ സ്ഥാപനത്തിലും പി.എസ്.സി. മുഖേന അല്ലാതെ ഏതെല്ലാം തസ്തികകളിലേക്കാണ് നിയമനം നടത്തിയതെന്നും ഓരോ തസ്തികയിലേക്കും എത്ര പേരെ നിയമിച്ചുവെന്നും വിശദമാക്കുമോ?

## <u>കിൻഫ്രായുടെ ഗ്ലോബൽ ആയുർവേദ വില്ലേജ് പദ്ധതി</u>

5877 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കലയിൽ കിൻഫ്രായുടെ ഗ്ലോബൽ ആയുർവേദ വില്ലേജ് പദ്ധതി ആരംഭിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

## <u>മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്ക്</u>

5878 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ കിൻഫ്ര വ്യവസായ പാർക്കിൽ നിലവിൽ എത്ര വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

(ബി) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ സംരംഭകത്വ വർഷത്തിന്റെ ഭാഗമായി ആരംഭിച്ച വ്യവസായങ്ങൾ എത്രയെന്ന് വ്യക്തമാക്കുമോ;

(സി) കോളേജ് വിദ്യാർത്ഥികളിലെ സംരംഭകത്വ ആശയങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനും പ്രാവർത്തികമാക്കുന്നതിനും വ്യവസായ വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

## <u>ചെറുകിട വ്യവസായ യൂണിറ്റുകൾ</u>

5879 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ഫണ്ടിന്റെ അപര്യാപ്തതയുള്ളവർക്ക് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ നൽകുന്നതെന്ന്

അറിയിക്കാമോ?

**വ്യവസായ ലൈസൻസുകൾ എടുക്കുന്നതിന് മൂന്നര വർഷം വരെ ഇളവ് അനുവദിക്കുന്ന നടപടി**

5880 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ നിയമപ്രകാരം സ്ഥാപനങ്ങൾക്ക് ഏതൊക്കെ ലൈസൻസുകൾ എടുക്കുന്നതിനാണ് മൂന്നര വർഷം വരെ ഇളവ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; കെട്ടിട നമ്പർ ലഭിയ്ക്കാത്ത കെട്ടിടത്തിൽ ഇപ്രകാരം സംരംഭം തുടങ്ങുന്നതിന് സാധിക്കുമോ; വിശദമാക്കാമോ?

**കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴി**

5881 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ ആരംഭിച്ച കൊച്ചി-ബാംഗ്ലൂർ വ്യാവസായിക ഇടനാഴിയുടെ നിർമ്മാണ പുരോഗതി വിശദമാക്കുമോ; നാളിതുവരെ എത്രകോടി രൂപ പ്രസ്തുത പദ്ധതിയ്ക്കായി ചെലവഴിച്ചിട്ടുണ്ട് എന്നത് ഇനം തിരിച്ച് ലഭ്യമാക്കുമോ?

**ഐ.ടി. പാർക്കിനായി ഏറ്റെടുത്ത ഭൂമിയിൽ വ്യവസായ പാർക്ക്**

5882 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ എരമം പുല്ലുപാറയിൽ ഐ.ടി. പാർക്ക് സ്ഥാപിക്കാനായി ഏറ്റെടുത്ത ഭൂമി കൈമാറ്റവുമായി ബന്ധപ്പെട്ട സാങ്കേതിക പ്രശ്നങ്ങൾ ഉന്നതതലത്തിൽ പരിഹരിച്ച് ഭൂമി കൈമാറ്റം വേഗത്തിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; അറിയിക്കാമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് തന്നെ പ്രസ്തുത വ്യവസായ പാർക്കിന്റെ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

**കയ്പമംഗലം മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ**

5883 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിൽ സ്വയം സംരംഭകർക്കായി 2016-ന് ശേഷം നാളിതുവരെ വ്യവസായ വകുപ്പ് നടപ്പിലാക്കിയ വിവിധ സഹായ പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളിലൂടെ എത്ര സംരംഭകർക്കായി ആകെ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ?

**കമ്പി, സിമന്റ് തുടങ്ങിയ അവശ്യ വസ്തുക്കളുടെ വില കുറയ്ക്കാൻ നടപടി**

5884 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വില വർദ്ധിച്ചിട്ടുള്ള അവശ്യ വസ്തുക്കളായ കമ്പി, സിമന്റ്, പി.വി.സി-ഇരുമ്പ് പൈപ്പുകൾ എന്നിവയുടെ വില കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## <u>മണലൂർ മണ്ഡലത്തിലെ പുതിയ വ്യവസായ സംരംഭങ്ങൾ</u>

5885 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാരിന്റെ കാലത്ത് മണലൂർ മണ്ഡലത്തിൽ എത്ര പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ നൽകാമോ;

(ബി) ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു എന്ന് അറിയിക്കാമോ;

(സി) ഈ സർക്കാരിന്റെ കാലത്ത് മണലൂർ മണ്ഡലത്തിൽ സംരംഭകർക്കായി വ്യവസായ വകുപ്പ് നൽകിയ സഹായങ്ങൾ, വായ്പാ പദ്ധതികൾ, മറ്റ് ആനുകൂല്യങ്ങൾ എന്നിവയുടെ വിശദാംശങ്ങൾ നൽകാമോ?

## <u>മലപ്പുറം സ്പിന്നിംഗ് മിൽ ജീവനക്കാരുടെ ശമ്പളവും മറ്റു ആനുകൂല്യങ്ങളും</u>

5886 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മലപ്പുറം സ്പിന്നിംഗ് മില്ലിൽ സ്റ്റാഫിനും ഓഫീസേഴ്സിനും ശമ്പളം ഈ സർക്കാർ വർധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; പ്രസ്തുത മാനദണ്ഡപ്രകാരം തൊഴിലാളികൾക്ക് ശമ്പളം വർധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നത്തേക്ക് ശമ്പള വർദ്ധന നടപ്പിലാക്കാനാവുമെന്ന് വെളിപ്പെടുത്തുമോ;

(ബി) ദീർഘകാല കരാറിൽ നാലുവർഷം കാലാവധി പൂർത്തിയാക്കിയ തൊഴിലാളികൾക്ക് കമ്പനികളിൽ ശമ്പള വർധന ചർച്ചകൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഉടനെ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സ്പിന്നിംഗ് മില്ലുകളിലെ തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റിയും പി.എഫ്. കുടിശികയും നൽകാനുണ്ടോ; എങ്കിൽ ഓരോ സ്ഥാപനത്തിന്റെ പേരും എന്തു തുകയാണ് നൽകാൻ ഉള്ളതെന്നും വെളിപ്പെടുത്തുമോ;

(ഡി) സ്പിന്നിംഗ് മില്ലുകളിൽ കോടതിവിധി പ്രകാരം ഗ്രാറ്റുവിറ്റി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം സ്ഥാപനങ്ങളാണെന്നും എത്രപേർക്കാണെന്നും വ്യക്തമാക്കാമോ?

## <u>വൈപ്പിൻ മണ്ഡലത്തിലെ സംരംഭക വർഷം പദ്ധതി</u>

5887 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക വർഷം പദ്ധതിയുടെ ഭാഗമായി വൈപ്പിൻ മണ്ഡലത്തിൽ ആരംഭിച്ച സംരംഭങ്ങളുടെ എണ്ണം അറിയിക്കാമോ; പഞ്ചായത്ത് അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ മണ്ഡലത്തിൽ എത്ര തുകയുടെ നിക്ഷേപവും എത്ര തൊഴിലവസരവും സൃഷ്ടിക്കാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ സംരംഭകരുടെ കൂട്ടായ്മ

5888 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ ഡി കെ മുരളി**
**ശ്രീ. എച്ച്. സലാം**
**ശ്രീ. പി.പി. സുമോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക സൗഹൃദ അന്തരീക്ഷം കൂടുതൽ ഊർജ്ജിതപ്പെടുത്തുന്നതിനും പ്രാദേശിക സംരംഭക ആവാസവ്യവസ്ഥ ശക്തിപ്പെടുത്തുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; അറിയിക്കുമോ;

(ബി) പ്രാദേശിക തലത്തിൽ സംരംഭകർ നേരിടുന്ന പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും പ്രസ്തുത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി വ്യവസായ പരിതഃസ്ഥിതികളിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച വിവര ശേഖരണം നടത്തുന്നതിനുമായി തദ്ദേശസ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ സംരംഭകരുടെ കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) തദ്ദേശതലത്തിൽ രൂപീകരിക്കുന്ന സംരംഭസഭകളിലൂടെ ഈ മേഖലയിലെ സംരംഭകർക്ക് ഏതെല്ലാം തരത്തിലുള്ള സേവനങ്ങൾ നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്; വിശദീകരിക്കുമോ?

## വ്യവസായ വകുപ്പിലെ കാലോചിതമായി പരിഷ്കരിക്കേണ്ട നിയമങ്ങൾ

5889 **ശ്രീ. പി.പി. ചിത്തരഞ്ജൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിലെ കാലോചിതമായി പരിഷ്കരിക്കേണ്ട നിയമങ്ങൾ പരിഷ്കരിക്കുവാൻ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംരംഭകർക്കും നിക്ഷേപകർക്കും കൂടുതൽ പ്രോത്സാഹനം നൽകുന്നതിന് ആവശ്യമായ നിയമ/ചട്ട പരിഷ്കാരങ്ങൾ ഈ സർക്കാർ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ അവ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## വടകര താലൂക്കിൽ സി.എൻ.ജി. ഫില്ലിംഗ് സ്റ്റേഷനുകൾ

5890 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് സി.എൻ.ജി. ഫില്ലിംഗ് സ്റ്റേഷനുകൾ നിലവിലുള്ളതെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത താലൂക്കിൽ ആവശ്യത്തിന് സി.എൻ.ജി. ഫില്ലിംഗ് സ്റ്റേഷനുകൾ ഇല്ലാത്തത് കാരണം പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## കിനാലൂർ കെ.എസ്.ഐ.ഡി.സി. യുടെ ഭൂമി

5891 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിനാലൂർ കെ.എസ്.ഐ.ഡി.സി. യിൽ അൺഡവലപ്പ്ഡ് ഏരിയയായി എത്ര ഏക്കർ ഭൂമി നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഭൂമി ഡോ. ബി.ആർ. അംബേദ്കർ മെമ്മോറിയൽ ഗവ: ആർട്സ് &സയൻസ് കോളേജിന് കളിക്കളം നിർമ്മിക്കുന്നതിന് വിട്ടുനൽകാൻ കോളേജ് അധികൃതർ അപേക്ഷ നൽകിയിരുന്നോ; പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## സംരംഭക സഹായ പദ്ധതി

5892 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംരംഭക സഹായ പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ അനുവദിച്ചിരുന്നതിൽ എത്ര തുക അനുവദിച്ചുവെന്നും ഏതൊക്കെ ഇനങ്ങളിലായാണ് പ്രസ്തുത തുക ചെലവഴിച്ചതെന്നും വിശദാംശം വ്യക്തമാക്കുമോ?

## വ്യാവസായികാവശ്യത്തിനായി സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമിയുടെ ഉപയോഗം

5893 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായികാവശ്യത്തിന് വേണ്ടി സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമി ഉപയോഗപ്പെടുത്താതെ വെറുതെയിട്ടാൽ ആയത് നിയമപരമായി തിരിച്ചെടുക്കുന്നതിന് വ്യവസ്ഥയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) മാവൂർ ഗ്വാളിയാർ റയൺസിന് വ്യവസായ ആവശ്യത്തിനായി സർക്കാർ ഏറ്റെടുത്ത് നൽകിയ ഭൂമി പതിറ്റാണ്ടുകളായി ഉപയോഗപ്പെടുത്താതെ കിടക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് ഉപയോഗപ്പെടുത്തുന്നത് സംബന്ധിച്ച വിഷയത്തിൽ ഹൈക്കോടതിയിലുള്ള കേസ് അനന്തമായി നീണ്ടുപോവുന്നതിന് പിറകിലുള്ള സാഹചര്യം സംബന്ധിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## വായ്പാ ബന്ധിത പ്രൊജക്റ്റുകൾക്ക് മാർജിൻ മണി ഗ്രാന്റ്

5894 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറുകിട സംരംഭങ്ങളുടെ വായ്പാ ബന്ധിത പ്രൊജക്റ്റുകൾക്ക് മാർജിൻ മണി ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുക വകയിരുത്തി; എത്ര തുക അനുവദിച്ചു; നാളിതുവരെ എത്ര തുക ചെലവഴിച്ചു;

ഏതൊക്കെ ഇനങ്ങളിലാണ് ചെലവഴിച്ചത്; എത്ര സംരംഭങ്ങൾക്ക് സഹായം നൽകി; വിശദാംശം വ്യക്തമാക്കുമോ?

## വ്യവസായ വികസന കോർപ്പറേഷന് ബഡ്ജറ്റിൽ വകയിരുത്തിയ തുക

5895 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന് നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളത്; അതിൽ എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്നും വിശദാംശം ലഭ്യമാക്കുമോ?

## ലൈബ്രറി കെട്ടിടം നിർമ്മിക്കുന്നതിൽ കിറ്റ്കോ വരുത്തിയ അനാസ്ഥ

5896 **ശ്രീമതി കാനത്തിൽ ജമീല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി മണ്ഡലത്തിലെ സയ്യിദ് അബ്ദുൽ റഹിമാൻ ബാഫഖി തങ്ങൾ മെമ്മോറിയൽ ഗവൺമെന്റ് കോളേജിൽ ലൈബ്രറി കെട്ടിടം നിർമ്മിക്കുന്നതിനായി കിഫ്ബി മുഖേന 6 കോടി രൂപ അനുവദിക്കുകയും നിർമ്മാണ ചുമതല 'കിറ്റ്കോ' ഏറ്റെടുക്കുകയും ചെയ്തിരുന്നുവെങ്കിലും നിർമ്മാണം ആരംഭിച്ച് വർഷങ്ങൾ പിന്നിട്ടിട്ടും പദ്ധതി പൂർത്തീകരിക്കാനാവാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണമേറ്റെടുത്ത കരാറുകാരൻ പാതിവഴിയിൽ ഉപേക്ഷിച്ച് പോയിട്ടും 'കിറ്റ്കോ'യുടെ അനാസ്ഥ കാരണം ബദൽ മാർഗ്ഗം കണ്ടെത്താനോ പദ്ധതി പൂർത്തീകരിക്കുവാനോ സാധിക്കാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പദ്ധതി ഉടൻ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) പദ്ധതി പൂർത്തീകരിക്കുന്നതിൽ ഗുരുതര വീഴ്ച വരുത്തിയ 'കിറ്റ്കോ'യുടെ ഉത്തരവാദിത്തപ്പെട്ട ജീവനക്കാർക്കെതിരെ നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കുമോ?

## സിഡ്കോയുടെ കീഴിലുള്ള കെട്ടിടങ്ങൾ ഉപയുക്തമാക്കുന്നതിന് നടപടി

5897 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ വെള്ളയിൽ ഭട്ട് റോഡിൽ ഉപയോഗശൂന്യമായി കിടക്കുന്ന സിഡ്കോയുടെ കീഴിലുള്ള കെട്ടിടങ്ങൾ ഉപയുക്തമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## സംസ്ഥാനത്തെ കരിമണൽ നിക്ഷേപം

5898 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര അളവിൽ കരിമണൽ നിക്ഷേപം ഉണ്ടെന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കരിമണൽ റോ മെറ്റീരിയലായി പ്രവർത്തിക്കുന്ന എത്ര കമ്പനികളാണ് സംസ്ഥാനത്ത് നിലവിലുള്ളത്; അവയുടെ പേര് വിവരങ്ങളും ഓരോ വർഷവും ഓരോ കമ്പനിയും ഉപയോഗപ്പെടുത്തുന്ന കരിമണലിന്റെ അളവും വ്യക്തമാക്കാമോ;

(സി) നിലവിലുള്ള കരിമണൽ സ്റ്റോക്ക് വിവിധ മേഖലകളിൽ ഉപയോഗപ്പെടുത്തി സംസ്ഥാനത്തിന്റെ സാമ്പത്തിക നേട്ടത്തിന് സഹായകമാകുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദമാക്കാമോ?

## കേരളത്തിന്റെ തീരമേഖലകളിലെ ധാതു ഖനനം

5899 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര മൈനിംഗ് വിഭാഗം, കേരള തീരത്ത് കടൽ ഖനനം നടത്തുന്നതിനായി സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള തീരപ്രദേശങ്ങളെ കൂടി ഉൾപ്പെടുത്തിയിട്ടുള്ളത് തടയുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ കേന്ദ്ര സർക്കാരിന്റെ ഇത്തരം പ്രവൃത്തിക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ?

## പാറ ഖനനം

5900 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർപ്പിടാവശ്യത്തിന് വാങ്ങിയ ഭൂമിയിൽ വീടിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കി സ്ഥിരതാമസമാക്കിയ ശേഷം ആ വസ്തുവിൽ നിന്നും പാറ പൊട്ടിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം സാഹചര്യങ്ങളിലാണ് ഇത്തരം അനുമതി നൽകുന്നതെന്നും ഇതുമായി ബന്ധപ്പെട്ട നിലവിലുള്ള മാനദണ്ഡങ്ങളും ചട്ടങ്ങളും എന്തൊക്കെയെന്നും പകർപ്പുകൾ സഹിതം വ്യക്തമാക്കുമോ;

(ബി) അനുമതിയില്ലാതെ ഇത്തരം പ്രവർത്തനങ്ങൾ നടക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണ് വകുപ്പിനുള്ളത്; ഇത് സംബന്ധിച്ച പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) അനുമതിയില്ലാതെ നടത്തുന്ന ഇത്തരം പ്രവർത്തനങ്ങൾക്ക് എന്തൊക്കെ നിയമനടപടികളാണ് ചട്ടം അനുശാസിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## കൈത്തറി മേഖലയുടെ വികസനം

5901 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയുടെ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് പുതിയതായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ഉദുമ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനം

5902 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിലെ മൈലാട്ടിയിൽ പ്രവർത്തിക്കുന്ന ഉദുമ സ്പിന്നിംഗ് മിൽ ലാഭകരമായി പ്രവർത്തിക്കുന്ന സ്ഥാപനമാണോയെന്നും ലാഭകരമായി പ്രവർത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

**<u>കൈത്തറി, യന്ത്രത്തറി മേഖലയിൽ അനുവദിച്ച തുക</u>**

5903 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി യന്ത്രത്തറി മേഖലയ്ക്കായി നടപ്പുസാമ്പത്തിക വർഷം ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയതെന്നും എത്ര തുക അനുവദിച്ചുവെന്നും ഏതൊക്കെ ഇനങ്ങളിലായി എത്ര തുക ചെലവഴിച്ചുവെന്നതും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**<u>കൈത്തറി മേഖലയെ പ്രോത്സാഹിപ്പിക്കാൻ നടപടി</u>**

5904 **ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. കുറുക്കോളി മൊയ്തീൻ**
**ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖല പ്രതിസന്ധിയിലാണെന്നത് പരിശോധിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) കൈത്തറി മേഖലയിൽ പണിയെടുക്കുന്നവർക്ക് ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനും വിപണനത്തിനും എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്; വിശദമാക്കാമോ?

**<u>ടെക്സ്റ്റൈൽസ് കോർപറേഷന് കീഴിലുള്ള മില്ലുകളുടെ വിവിധ പ്രശ്നങ്ങൾ</u>**

5905 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് അടച്ചുപൂട്ടപ്പെട്ട എൻ.ടി.സി. മില്ലുകൾ ഏതെല്ലാം; അവ തുറന്നു പ്രവർത്തിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രവർത്തനം നിർത്തിയ എടരിക്കോട് ടെക്സ്റ്റൈൽസ്, തൃശ്ശൂർ സഹകരണ മിൽ എന്നിവ തുറന്നു പ്രവർത്തിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) ടെക്സ്റ്റൈൽ തൊഴിലാളികളുടെ ശമ്പളപരിഷ്കരണം നടപ്പിലാക്കാത്ത മില്ലുകൾ ഏതെല്ലാമാണ്; ശമ്പള പരിഷ്കരണം ഉടൻതന്നെ നടപ്പിൽ വരുത്തുമോ; ശമ്പളവും

ഗ്രാറ്റ്വിറ്റിയും ഉൾപ്പെടെയുള്ള സ്റ്റാറ്റ്യൂട്ടറി കുടിശികകൾ കൊടുത്തുതീർക്കാൻ സത്വര നടപടികൾ സ്വീകരിക്കുമോ;

(ഡി) കരാർ തൊഴിലാളികളെ സ്ഥിരപ്പെടുത്തുവാനും തുല്യജോലിക്ക് തുല്യവേതനം നൽകാനും നടപടി സ്വീകരിക്കുമോ?

## ഖാദി-ഗ്രാമ വ്യവസായ മേഖലയ്ക്ക് അനുവദിച്ച തുക

5906 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി-ഗ്രാമ വ്യവസായ മേഖലയിലെ വിവിധ പദ്ധതികൾക്കായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയതെന്നും എത്ര തുക അനുവദിച്ചുവെന്നും ഏതൊക്കെ ഇനങ്ങളിലായി എത്ര തുക വീതം ചെലവഴിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

## കയർ വ്യവസായ മേഖലയ്ക്കായി അനുവദിച്ച തുക

5907 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായ മേഖലയിലെ വിവിധ പദ്ധതികൾക്കായി നടപ്പുസാമ്പത്തിക വർഷം ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയതെന്നും എത്ര തുക അനുവദിച്ചുവെന്നും ഏതൊക്കെ ഇനത്തിൽ എത്ര തുക വീതം ചെലവഴിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

## പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണവും ആധുനികവൽക്കരണവും

5908 **ശ്രീ. എച്ച്. സലാം**
**ശ്രീമതി യു പ്രതിഭ**
**ശ്രീ. കെ. എം. സച്ചിൻദേവ്**
**ശ്രീ കെ യു ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(ബി) കയർ മേഖലയിലെ വിവിധ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും അനന്തര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ആരെയെങ്കിലും നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ലഭ്യമാകുന്ന തൊണ്ടിന്റെ എത്ര ശതമാനം ചകിരിയാക്കുന്നതിനും ചകിരിയുടെ എത്ര ശതമാനം കയറുല്പന്നങ്ങളാക്കി മാറ്റുന്നതിനും കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കുമോ;

(ഡി) ചകിരിയുടെയും കയറിന്റെയും ലഭ്യതക്കുറവ് കയറുല്പന്ന നിർമ്മാണത്തെ ബാധിക്കുന്നുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കുമോ?

## കശുവണ്ടി മേഖലയുടെ പുനരുജ്ജീവനത്തിനായുള്ള പദ്ധതികൾ

5909 **ശ്രീ. പി. സി. വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി മേഖലയ്ക്കായി നടപ്പ് സാമ്പത്തികവർഷത്തെ ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയതെന്നും എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും ഏതൊക്കെ ഇനത്തിലാണ് ചെലവഴിച്ചതെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) കശുവണ്ടി വ്യവസായത്തിന്റെ പുനരുജ്ജീവന പദ്ധതിക്ക് നടപ്പ് സാമ്പത്തിക വർഷം ബജറ്റിൽ എത്ര തുകയാണ് വകയിരുത്തിയതെന്നും എത്ര തുക അനുവദിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

## <u>കശുവണ്ടി തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി</u>

5910 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ**
**ശ്രീ. പി. സി. വിഷ്ണുനാഥ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി വികസന കോർപ്പറേഷൻ വിരമിച്ച കശുവണ്ടി തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകിവരുന്നുണ്ടോ;

(ബി) കശുവണ്ടി തൊഴിലാളികൾക്ക് 3 വർഷമായി അർഹതപ്പെട്ട ഗ്രാറ്റുവിറ്റി കുടിശികയാണ് എന്ന കാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ;

(സി) വിരമിച്ച തൊഴിലാളികൾക്ക് ഗ്രാറ്റുവിറ്റി നൽകാൻ കശുവണ്ടി വികസന കോർപ്പറേഷൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## <u>കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രതിസന്ധി</u>

5911 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഏറ്റവും കൂടുതൽ വോൾട്ടേജ് ക്ഷാമവും വൈദ്യുതി വിതരണ തടസ്സവും അനുഭവിക്കുന്ന പ്രദേശം കാസർഗോഡ് ജില്ലയാണെന്നത് ശരിയാണോ; വ്യക്തമാക്കാമോ; എങ്കിൽ ഇതിനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ;

(ബി) കാസർഗോഡ് ജില്ലയിലെ വൈദ്യുതി പ്രശ്നം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) വൈദ്യുതി രംഗത്ത് പ്രതിസന്ധി ഇല്ലാത്ത ജില്ലയായി കാസർഗോഡ് എപ്പോൾ മാറും എന്ന് വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ജില്ലയിൽ പുതുതായി അനുവദിച്ച ട്രാൻസ്ഫോർമറുകളുടെയും സബ്സ്റ്റേഷനുകളുടെയും വിവരം മണ്ഡലം തിരിച്ച് നൽകാമോ;

(ഇ) വോൾട്ടേജ് ഇമ്പ്രൂവ്മെന്റിന് വേണ്ടി ജില്ലയിൽ ഏതെല്ലാം പ്രദേശങ്ങളിൽ പുതുതായി ലൈൻ വലിക്കുന്നതിന് ആലോചനയുണ്ടെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

## കാസർഗോഡ്, മഞ്ചേശ്വരം ഭാഗങ്ങളിലെ അപ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗ്

5912 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കർണാടകയിൽ നിന്നുള്ള വൈദ്യുതി വിതരണം തടസ്സപ്പെട്ടതിനാൽ കാസർഗോഡ്, മഞ്ചേശ്വരം ഭാഗങ്ങളിൽ രാത്രികാലങ്ങളിൽ അപ്രഖ്യാപിത ലോഡ് ഷെഡ്ഡിംഗ് ഏർപ്പെടുത്തേണ്ടി വരുന്ന സാഹചര്യത്തിൽ ഭാവിയിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ പ്രസ്തുത പ്രദേശങ്ങളിൽ ഇടതടവില്ലാതെ വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; ഇത് സംബന്ധിച്ച് വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

## വൈദ്യുതി വാങ്ങുന്നതിനായി ചെലവഴിച്ച തുക

5913 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷം എത്ര കോടി രൂപ വൈദ്യുതി വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ;

(ബി) 2024-25 സാമ്പത്തിക വർഷം 28.02.2025 വരെ വൈദ്യുതി വാങ്ങുന്നതിന് എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ?

## സ്വകാര്യ ഭൂമിയിലൂടെ വൈദ്യുതിലൈൻ

5914 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ഭൂമിയിലൂടെ വൈദ്യുതിലൈൻ വലിക്കുന്നതിനായി എന്തൊക്കെ നടപടിക്രമങ്ങളാണ് സ്വീകരിക്കേണ്ടതെന്ന് അറിയിക്കാമോ;

(ബി) ഇത്തരത്തിൽ ലൈൻ വലിച്ചതിനുശേഷം വൈദ്യുതി ലൈനിന്റെ സുരക്ഷ സംബന്ധിച്ചും വൈദ്യുതി ലൈൻ കടന്നുപോകുന്ന ഭൂവുടമ നേരിടുന്ന പ്രശ്നങ്ങൾ സംബന്ധിച്ചും പരാതി ലഭിക്കുന്നപക്ഷം എന്തെല്ലാം നടപടികളാണ് സ്വീകരിക്കുകയെന്ന് അറിയിക്കാമോ; വിശദമാക്കുമോ?

## വൈദ്യുതി നിരക്കിലെ വർദ്ധനവ് മൂലം ജനങ്ങൾ നേരിടുന്ന പ്രയാസങ്ങൾ

5915 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 മെയ് മാസത്തിന് ശേഷം സംസ്ഥാനത്ത് ഓരോ പ്രാവശ്യവും വൈദ്യുതി നിരക്കിൽ വരുത്തിയ വർദ്ധനവ് വഴി ലക്ഷ്യമിട്ട വരുമാന വർദ്ധനവ് എത്രയാണ്; വിശദമാക്കുമോ;

(ബി) 2016 മുതൽ ഓരോ വർഷവും സംസ്ഥാനത്ത് സ്വന്തമായി ഉത്പാദിപ്പിച്ച വൈദ്യുതിയുടെ അളവ് എത്രയാണ്; ഈ കാലയളവിൽ സംസ്ഥാനത്തിന് പുറത്തു നിന്നും ഓരോ പ്രാവശ്യവും വാങ്ങിയിട്ടുള്ള വൈദ്യുതിയുടെ അളവ് എത്രയാണെന്നും, പ്രസ്തുത വൈദ്യുതി വാങ്ങിയിട്ടുള്ളത് ഏത് നിരക്കിലാണെന്നും അറിയിക്കുമോ; വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) 2016 മുതൽ സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വകാര്യ കമ്പനികൾ എന്നിവ ഓരോന്നും വരുത്തിയിട്ടുള്ള വൈദ്യുതി കുടിശ്ശിക ഏതെങ്കിലും എഴുതി തള്ളിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഡി) ദീർഘകാല വൈദ്യുതി വാങ്ങൽ കരാർ റദ്ദാക്കിയതും ഉയർന്ന നിരക്കിൽ സംസ്ഥാനത്തിന് പുറത്ത് നിന്ന് വൈദ്യുതി വാങ്ങുന്നതും കുടിശ്ശിക എഴുതി തള്ളുന്നതും പോലുള്ള നടപടികളാണ് അമിത നിരക്ക് ജനങ്ങളുടെ മേൽ അടിച്ചേൽപ്പിയ്ക്കാൻ ഇടയാക്കിയതെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം ബദൽ മാർഗ്ഗങ്ങളാണ് ആലോചിക്കുന്നത്; വ്യക്തമാക്കുമോ?

## <u>വേനൽക്കാലത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കാൻ നടപടി</u>

5916 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽക്കാലത്തെ വൈദ്യുതി ക്ഷാമം പരിഹരിക്കുന്നതിനായി കൂടുതൽ വൈദ്യുതി പുറത്ത് നിന്ന് വാങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വേനൽക്കാലത്ത് വൈദ്യുതി ഉപയോഗം വർധിക്കുന്ന സാഹചര്യത്തിൽ ഗാർഹിക ഉപഭോക്താക്കൾക്ക് ചാർജ്ജ് ഇളവ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

## <u>സ്മാർട്ട് മീറ്റർ</u>

5917 **ശ്രീ. പി. നന്ദകുമാർ**
**ശ്രീ. പി. ടി. എ. റഹീം**
**ശ്രീ. കെ. ആൻസലൻ**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കാപെക്സ് മാതൃകയിൽ സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിലൂടെ വൈദ്യുതി ഉപഭോക്താക്കൾക്കുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിലൂടെ വൈദ്യുതി വിതരണരംഗത്ത് ഉണ്ടാകുന്ന പ്രയോജനങ്ങൾ എന്തെല്ലാമെന്നറിയിക്കുമോ; വിശദീകരിക്കുമോ;

(ഡി) എല്ലാ വിഭാഗം ഉപഭോക്താക്കൾക്കും ഒരുമിച്ച് സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നത് പ്രായോഗികമല്ലെന്നിരിക്കെ ഇതിന് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## <u>കാർബോറാണ്ടം കമ്പനിയുടെ വൈദ്യുതി</u>

5918 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാറിൽ കരാർ കാലാവധിക്ക് ശേഷം കാർബോറാണ്ടം കമ്പനി വൈദ്യുതി ഉല്പാദിക്കുകയുണ്ടായോയെന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് കരാർ കൂടാതെ കമ്പനി ഉല്പാദിപ്പിച്ചതെന്നും വ്യക്തമാക്കുമോ;

(ബി) കാർബോറാണ്ടം കമ്പനിയുമായി വൈദ്യുതി ബോർഡ് കരാറിൽ ഏർപ്പെട്ടത് എന്ന് മുതൽക്കാണെന്ന് അറിയിക്കുമോ;

(സി) കരാർ പ്രകാരം ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതിയുടെ വിതരണവും നിരക്കും സംബന്ധിച്ച് ഉണ്ടായിരുന്ന വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ;

(ഡി) 2022-ൽ പദ്ധതിയിൽനിന്നുള്ള വൈദ്യുതി ഉപയോഗിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടി കാർബോറാണ്ടം കമ്പനിക്ക് വൈദ്യുതി ബോർഡ് നോട്ടീസ് നൽകുകയുണ്ടായോയെന്നും എന്തൊക്കെയായിരുന്നു പ്രസ്തുത നോട്ടീസിൽ ആവശ്യപ്പെട്ടിരുന്നത്; നോട്ടീസിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) കാർബോറാണ്ടം കമ്പനിയുമായുള്ള കരാർ സംബന്ധിച്ച് രണ്ടുവർഷം മുൻപ് സി.ആന്റ് എ.ജി, ഓഡിറ്റിൽ പരാമർശങ്ങൾ ഉണ്ടായിട്ടുണ്ടോയെന്നും എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് സി&എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചതെന്നും അറിയിക്കുമോ;

(എഫ്) പ്രസ്തുത കമ്പനിയുടെ മറ്റു പ്രവർത്തനങ്ങൾക്കായി കമ്പനിക്ക് കെ.എസ്.ഇ.ബി. വൈദ്യുതി നൽകുന്നുണ്ടോയെന്നും പ്രതിമാസം എത്ര യൂണിറ്റ് വൈദ്യുതിയാണ് ബോർഡ് കമ്പനിക്ക് നൽകുന്നതെന്നും എത്ര രൂപ നിരക്കിലാണ് നിലവിൽ വൈദ്യുതി നൽകുന്നതെന്നും അറിയിക്കാമോ;

(ജി) കെ.എസ്.ഇ.ബി. കാർബോറാണ്ടം കമ്പനി ഉത്പാദിപ്പിക്കുന്ന വൈദ്യുതി എത്ര രൂപ നിരക്കിലാണ് വാങ്ങിയിരുന്നതെന്ന് വ്യക്തമാക്കുമോ?

## <u>വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഡാമുകൾ</u>

5919 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ഡാമുകൾ 2 കാറ്റഗറികളായി തിരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണമേർപ്പെടുത്തി ജലവിഭവവകുപ്പ് 26/12/2024-ൽ ഇറക്കിയ ജി.ഒ. (കൈ)No.67/2024/ഡബ്ല്യൂ.ആർ.ഡി. നമ്പർ ഉത്തരവ് വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള ഡാമുകളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

## <u>വൈദ്യുതി പ്രതിസന്ധി ഒഴിവാക്കാനുള്ള മുന്നൊരുക്കങ്ങൾ</u>

5920 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽച്ചൂട് രൂക്ഷമാകുന്ന സാഹചര്യത്തിൽ വൈദ്യുതി ഉപഭോഗം കൂടുമെന്ന പ്രതിസന്ധി ഒഴിവാക്കുന്നതിന് വകുപ്പ് എന്തെല്ലാം മുന്നൊരുക്കങ്ങളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>പഴയ ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കാൻ നടപടി</u>

5921 **ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യുടെ വിതരണ വിഭാഗത്തിന്റെ കാര്യക്ഷമത കുറയുന്നതിനും പ്രസരണ നഷ്ടം കൂടുന്നതിനും പ്രധാന കാരണം പഴയ ട്രാൻസ്ഫോർമറുകളാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) മുപ്പത് വർഷത്തിലേറെ പഴക്കമുള്ള ട്രാൻസ്ഫോർമറുകൾ മാറ്റി പുതിയത് സ്ഥാപിക്കണമെന്ന നിർദ്ദേശം ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പഴക്കമേറിയതും കേടാകുന്നതുമായ ട്രാൻസ്ഫോർമറുകൾ മാറ്റി സ്ഥാപിക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**<u>സംസ്ഥാനത്തിന്റെ വേനൽക്കാല വൈദ്യുതി ഉപഭോഗത്തിലെ വർദ്ധനവ്</u>**

5922 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അത്യധികം ചൂട് അനുഭവപ്പെടുന്ന ഏപ്രിൽ, മെയ് മാസങ്ങളിൽ വൈദ്യുതി ഉപഭോഗത്തിന്റെ വർദ്ധനവ് എത്രയായിരിക്കുമെന്ന് അറിയിക്കാമോ;

(ബി) മേൽപ്പറഞ്ഞ മാസങ്ങളിൽ വൈദ്യുതി ഉപഭോഗം വർധിക്കുകയാണെങ്കിൽ അതിന് ആവശ്യമായ വൈദ്യുതി കണ്ടെത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന മാർഗങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) വേനൽക്കാല വൈദ്യുതി ഉപഭോഗത്തിൽ ഉപഭോക്താക്കൾക്ക് അധിക ബാധ്യത ഉണ്ടാകാൻ സാധ്യതയുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) നിലവിൽ സംസ്ഥാനത്തെ ജലവൈദ്യുത പദ്ധതികൾക്ക് വേണ്ടിയുള്ള ഡാമുകളിൽ സംഭരണശേഷിയുടെ എത്ര ശതമാനം ജലം ഉണ്ട് എന്ന് ഡാമുകൾ തിരിച്ച് അറിയിക്കാമോ;

(ഇ) വേനൽക്കാലത്ത് അധിക വില നൽകി പുറമേ നിന്ന് വൈദ്യുതി വാങ്ങാതെ ഡാമുകളിൽ സംഭരിച്ചു നിർത്തിയിരിക്കുന്ന ജലം ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് തടസ്സമുണ്ടോ എന്നറിയിക്കാമോ?

**<u>കെ.എസ്.ഇ.ബി.യുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ</u>**

5923 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ കെ.എസ്.ഇ.ബി. നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ ക്രമക്കേട് സംബന്ധിച്ചും വകുപ്പ് തലത്തിലും അഴിമതി നിരോധന നിയമപ്രകാരവും നാളിതുവരെ സ്വീകരിച്ച നടപടികൾ

എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## മണലൂർ മണ്ഡലത്തിലെ പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ

5924 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലകട്രിക് വാഹനങ്ങൾ ചാർജ്ജ് ചെയ്യുന്നതിന് മണലൂർ മണ്ഡലത്തിൽ കെ.എസ്.ഇ.ബി. ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; വിശദാംശങ്ങൾ നൽകാമോ;

(ബി) മണലൂർ മണ്ഡലത്തിൽ നിലവിൽ എത്ര പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും അറിയിക്കാമോ;

(സി) മണ്ഡലത്തിൽ കൂടുതൽ പോൾ മൗണ്ടഡ് ചാർജ്ജിംഗ് പോയിന്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

## കെ.എസ്.ഇ.ബി.വർക്കർ തസ്തിക

5925 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ഇ.എ. റഗുലേഷൻ അനുസരിച്ച് കെ. എസ്. ഇ. ബി.യിലെ വർക്കർ തസ്തികക്ക് ഐ.ടി.ഐ. യോഗ്യത നിർബന്ധമാണോ; വിശദമാക്കുമോ?

## സൗജന്യ വൈദ്യുതി കണക്ഷനുള്ള മാനദണ്ഡങ്ങൾ

5926 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി, പട്ടികവർഗ്ഗം, ബി.പി.എൽ. എന്നീ വിഭാഗക്കാർക്ക് സൗജന്യ വൈദ്യുത കണക്ഷൻ ലഭിക്കുന്നതിന് കെ.എസ്.ഇ.ബി. മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വിഭാഗക്കാർക്ക് സൗജന്യമായി ഇലക്ട്രിക് പോസ്റ്റുകൾ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; പരമാവധി എത്ര ഇലക്ട്രിക് പോസ്റ്റുകൾ വരെയാണ് കെ.എസ്.ഇ.ബി. സൗജന്യമായി അനുവദിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

## വൈദ്യുതി ലൈൻ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി

5927 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി നഗരസഭയിലെ അങ്ങാടി ബീച്ച് ഭാഗത്ത് ജനവാസ മേഖലയിലൂടെ കടന്നുപോകുന്ന വൈദ്യുതി ലൈൻ, തൊട്ടടുത്ത തീരദേശ റോഡിലൂടെ ആക്കി മാറ്റണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജനവാസ മേഖലയിലൂടെയുള്ള വൈദ്യുതി ലൈൻ അപകടങ്ങൾക്ക് കാരണമാകും എന്നതിനാലും, ജനങ്ങൾക്ക് പ്രയാസകരമായതിനാലും പ്രസ്തുത വൈദ്യുതി ലൈൻ തൊട്ടടുത്ത പൊതുമരാമത്ത് വകുപ്പ് റോഡിലൂടെ ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>പോൾ-മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകൾ</u>**

5928 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പ് അവരുടെ പോളുകളിൽ തന്നെ ഇലക്ട്രിക്ക് വാഹനങ്ങൾക്കായി ചാർജിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) നിലവിൽ എത്ര ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനാണ് ലക്ഷ്യമിടുന്നത് എന്നറിയിക്കാമോ;

(സി) എറണാകുളം ജില്ലയിലെ വിവിധ മണ്ഡലങ്ങളിൽ അനുവദിച്ചിട്ടുള്ള ചാർജിംഗ് സ്റ്റേഷനുകളുടെ എണ്ണം മണ്ഡല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

**<u>അരുവിക്കര മണ്ഡലത്തിലെ ചാർജ്ജിംഗ് സ്റ്റേഷനുകൾ</u>**

5929 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന് കീഴിൽ സ്ഥാപിച്ചിട്ടുള്ള ചാർജ്ജിംഗ് സ്റ്റേഷനുകൾ ഏതെല്ലാമെന്ന് അറിയിക്കുമോ;

(ബി) പുതുതായി ഏതെല്ലാം സ്ഥലങ്ങളിലാണ് ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കുമോ?

**<u>വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നടപടി</u>**

5930 **ശ്രീ. എൻ. എ. നെല്ലിക്കുന്ന്**
**ശ്രീ. പി. ഉബൈദുള്ള**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 677 മെഗാവാട്ട് വൈദ്യുതി ഉൽപാദിപ്പിക്കാൻ കഴിയുന്ന ഏകദേശം 124 പദ്ധതികൾ പൂർത്തിയാക്കാൻ കെ.എസ്.ഇ.ബി. താൽപര്യം കാണിക്കുന്നില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കാതെ സംസ്ഥാനത്തിനു പുറത്തുള്ള വൈദ്യുത പദ്ധതികൾ ഏറ്റെടുക്കാൻ കെ.എസ്.ഇ.ബി. ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(സി) പണി പൂർത്തിയാക്കാനുള്ള വിവിധ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ അടിയന്തര നിർദ്ദേശം നൽകുമോ; വിശദമാക്കുമോ?

**<u>ആലത്തൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രധാന പ്രവൃത്തികൾ</u>**

5931 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23, 2023-24, 2024-25 വർഷങ്ങളിൽ ആലത്തൂർ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കിയ പ്രധാന പ്രവൃത്തികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ;

(ബി) ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) വരുംവർഷങ്ങളിൽ ഏതെല്ലാം പുതിയ പദ്ധതികളാണ് മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ വൈദ്യുതി വകുപ്പ് പദ്ധതികൾ

5932 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ വൈദ്യുതി വകുപ്പ് വഴി പൂഞ്ഞാർ മണ്ഡലത്തിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## ജലവൈദ്യുത പദ്ധതികൾ

5933 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരംഭിക്കുന്നതിനായി അനുമതി ലഭിച്ച ജലവൈദ്യുത പദ്ധതികളുടെ എത്ര പ്രൊപ്പോസലുകളാണ് നിലവിലുള്ളത്; പ്രസ്തുത പദ്ധതികൾ ഏതൊക്കെയാണെന്നും അവയ്ക്ക് എന്നാണ് അനുമതി ലഭിച്ചിട്ടുള്ളതെന്നും അറിയിക്കാമോ; വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികൾ ഓരോന്നിന്റെയും പ്രതീക്ഷിത ഉൽപ്പാദന ശേഷി എത്രയാണെന്ന് അറിയിക്കുമോ; വ്യക്തമാക്കാമോ;

(സി) അനുമതി ലഭിച്ച് നാളുകളേറെയായിട്ടും പ്രസ്തുത പദ്ധതികളുടെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള അടിസ്ഥാന നടപടികൾ പോലും സ്വീകരിക്കാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതികളുടെ നിർമ്മാണം പൂർത്തിയായാൽ ചെലവ് കുറഞ്ഞതും മലിനീകരണ തോത് തീരെയില്ലാത്തതുമായ വൈദ്യുതി കിട്ടുമെന്നിരിക്കെ പദ്ധതികൾ പൂർത്തിയാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## മലപ്പുറം മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ പദ്ധതികൾ

5934 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ വൈദ്യുതി വകുപ്പിന്റെ സേവനമേഖല കാര്യക്ഷമമാക്കുന്നതിനായുള്ള 'സേവനം വീട്ടുപടിക്കൽ' (സർവീസ് അറ്റ് ഡോർ

സ്റ്റെപ്പ്സ് ) എന്ന പദ്ധതിയുടെ പുരോഗതി വെളിപ്പെടുത്തുമോ; ഇത്തരത്തിൽ ഉപഭോക്താക്കൾക്ക് നൽകി വരുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ;

(ബി) മണ്ഡലത്തിൽ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പ്രവൃത്തികളുടെ ഭാഗമായുള്ള സബ്സ്റ്റേഷൻ നിർമ്മാണത്തിന്റെയും വിവിധ പ്രദേശങ്ങളിൽ ട്രാൻസ്ഫോർമറുകളും ത്രീ ഫേസ് ലൈനുകളും സ്ഥാപിക്കുന്ന പ്രവൃത്തികളുടെയും വിശദാംശവും പുരോഗതികളും വെളിപ്പെടുത്തുമോ?

## കാറ്റാടിപ്പാടങ്ങളിൽ നിന്നും സോളാർ പാനലുകൾ നിന്നും ലഭിക്കുന്ന വൈദ്യുതി

5935 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതോല്പാദനത്തിന് കെ.എസ്.ഇ.ബി.യുടെ കീഴിൽ കാറ്റാടിപ്പാടങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതോല്പാദനത്തിന് സ്വകാര്യ മേഖലയിൽ കാറ്റാടിപ്പാടങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അത് എവിടെയെല്ലാമാണെന്നും ആരുടെയൊക്കെ ഉടമസ്ഥതയിലാണെന്നും വ്യക്തമാക്കുമോ;

(സി) കാറ്റാടിപ്പാടങ്ങളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് പ്രതിമാസം ശരാശരി എത്രയാണെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത വൈദ്യുതി കെ.എസ്.ഇ.ബി. വാങ്ങുന്നുണ്ടെങ്കിൽ അത് യൂണിറ്റിന് എത്ര രൂപ നൽകിയാണെന്ന് അറിയിക്കാമോ;

(ഇ) സംസ്ഥാനത്ത് സോളാർ പാനലുകൾ ഉപയോഗിച്ച് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയുടെ അളവ് പ്രതിമാസം ശരാശരി എത്രയാണെന്ന് അറിയിക്കാമോ;

(എഫ്) പ്രസ്തുത വൈദ്യുതി വാങ്ങുന്നതിന് കെ.എസ്.ഇ.ബി. യൂണിറ്റിന് നൽകുന്ന തുക എത്രയാണെന്ന് അറിയിക്കാമോ;

(ജി) കാറ്റാടിപ്പാടങ്ങളിൽ നിന്നും, സോളാർ പാനലുകൾ ഉപയോഗിച്ചും ഉല്പാദിപ്പിക്കുന്ന വൈദ്യുതി ആകെ ഉപഭോഗത്തിന്റെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ വൈദ്യുതി ക്ഷാമം പരിഹരിക്കുവാൻ നടപടി

5936 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വൈദ്യുതിക്ഷാമം/വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി 2021 ഏപ്രിൽ മുതൽ 2025 ജനുവരി 31 വരെ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയതിലൂടെ എത്ര ശതമാനം വൈദ്യുതി ക്ഷാമം/ വോൾട്ടേജ് ക്ഷാമം പരിഹരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ട്രാൻസ്ഫോർമറുകളുടെ കുറവ് പരിഹരിക്കാൻ നടപടി

5937 **ഡോ. എം. കെ. മുനീർ**
**ശ്രീ. പി. കെ. ബഷീർ**

**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. കുറുക്കോളി മൊയ്തീൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.യ്ക്ക് ആവശ്യമായ ട്രാൻസ്ഫോർമറുകൾ നിർമ്മിച്ചുനൽകാൻ പൊതുമേഖലാ സ്ഥാപനമായ കേരള ഇലക്ട്രിക്കൽ ആൻഡ് അലൈഡ് എഞ്ചിനീയറിംഗ് കമ്പനി ലിമിറ്റഡുമായി(കെൽ) കരാറിൽ ഏർപ്പെട്ടിരുന്നോ; വ്യക്തമാക്കുമോ;

(ബി) കരാർ പ്രകാരം നിശ്ചിത സമയത്തിനുളളിൽ ട്രാൻസ്ഫോർമറുകൾ നിർമ്മിച്ചുനൽകാൻ കെല്ലിനു കഴിഞ്ഞിരുന്നോ; അറിയിക്കുമോ;

(സി) ഇല്ലെങ്കിൽ ആയത് വൈദ്യുതി വിതരണ മേഖലയിൽ പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## ശബരിഗിരി ജലവൈദ്യുത പദ്ധതി

5938 **ശ്രീ. കെ. പി. എ. മജീദ്**
**ഡോ. എം. കെ. മുനീർ**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) യന്ത്രത്തകരാർ മൂലം പ്രവർത്തനം നിർത്തിവച്ചിരിക്കുന്ന ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ നാലാമത്തെ യൂണിറ്റിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) ശബരിഗിരി ജലവൈദ്യുത പദ്ധതിയുടെ ഉല്പാദന ശേഷി പൂർണ്ണമായും ഉപയോഗിക്കാൻ സാധിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ നിരീക്ഷണത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ?

## സൗജന്യ വൈദ്യുതി വിതരണം

5939 **ശ്രീ. നജീബ് കാന്തപുരം** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൗജന്യ നിരക്കിൽ വൈദ്യുതി ലഭിക്കുന്ന എത്ര ഗാർഹിക ഉപഭോക്താക്കളാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കുമോ;

(ബി) ദുർബല വിഭാഗങ്ങളിലെ ഗാർഹിക ഉപഭോക്താക്കൾക്ക് നൽകുന്ന സൗജന്യ സേവനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) സമ്പൂർണ്ണമായും വൈദ്യുതി സൗജന്യമായി ലഭിക്കുന്ന എത്ര ഗാർഹിക ഉണഭോക്താക്കളാണ് സംസ്ഥാനത്തുള്ളതെന്ന് ജില്ല തിരിച്ച് അറിയിക്കുമോ?

## കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ വൈദ്യുതി മേഖലാ പദ്ധതികൾ

5940 **ശ്രീ. അഹമ്മദ് ദേവർകോവിൽ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ വൈദ്യുതി മേഖലയിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തിയാവുമ്പോൾ ഈ മേഖല കൈവരിക്കുന്ന നേട്ടങ്ങൾ വിശദമാക്കാമോ?

## <u>കാഞ്ഞങ്ങാട് ഇലക്ട്രിക്കൽ ഡിവിഷൻ പരിധിയിൽ 33 കെ.വി ലൈൻ ഷിഫ്റ്റ് ചെയ്യുന്നതിനുള്ള അപേക്ഷകൾ</u>

5941 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് ഇലക്ട്രിക്കൽ ഡിവിഷന്റെ പരിധിയിൽ 33 കെ.വി. ലൈൻ ഷിഫ്റ്റ് ചെയ്യുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിന്മേൽ സ്വീകരിച്ച നടപടി വിശദമാക്കാമോ?

## <u>കോതമംഗലം മണ്ഡലത്തിലെ ആദിവാസി നഗറുകളുടെ വൈദ്യുതീകരണം</u>

5942 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ കുട്ടമ്പുഴ പഞ്ചായത്തിലെ തലവച്ചപ്പാറ, കുഞ്ചിപ്പാറ ആദിവാസി നഗറുകളുടെ വൈദ്യുതീകരണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) ഈ രണ്ട് ആദിവാസി നഗറുകളിലും ഇനിയും വൈദ്യുതി കണക്ഷൻ നൽകുവാനുള്ള വീടുകൾക്ക് അടിയന്തരമായി കണക്ഷൻ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) കുട്ടമ്പുഴ പഞ്ചായത്തിലെ 'തേര' ആദിവാസി നഗറിൽ വൈദ്യുതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>തിരൂരങ്ങാടി മണ്ഡലത്തിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ നടപടി</u>

5943 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി നിയോജക മണ്ഡലത്തിൽ പുതുതായി എവിടെയെല്ലാമാണ് ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ;

(ബി) ഇവ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കാമോ?

## <u>ചെല്ലൂർ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി</u>

5944 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിൽ കുറ്റിപ്പുറം ഗ്രാമപഞ്ചായത്തിലെ ചെല്ലൂർ പ്രദേശത്തെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് മൂടാൽ ബൈപ്പാസ് റോഡ് കേന്ദ്രമാക്കി 100 KVA ട്രാൻസ്ഫോർമർ സ്ഥാപിക്കൽ, പഴയ ത്രീ ഫേസ് ലൈനുകൾ മാറ്റി പുതിയ ലൈൻ സ്ഥാപിക്കൽ എന്നീ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

**ഊർജ്ജ സംരക്ഷണം**

5945 **ശ്രീ. പി. ടി. എ. റഹീം**
**ശ്രീ എം മുകേഷ്**
**ശ്രീ ജി സ്റ്റീഫൻ**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജ സംരക്ഷണത്തിന്റെ കേരള മാതൃകയ്ക്ക് ദേശീയ അംഗീകാരം ലഭ്യമായിട്ടുണ്ടോ; തുടർച്ചയായി ദേശീയ അംഗീകാരം നേടുന്ന തരത്തിൽ ഊർജ്ജ സംരക്ഷണ രംഗത്ത് എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി.) നടപ്പാക്കിയിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഊർജ്ജ സംരക്ഷണത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനും ഊർജ്ജ സംരക്ഷണം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് നടപ്പാക്കുന്ന വിവിധ പദ്ധതികൾ വിജയകരമായി മുന്നോട്ട് കൊണ്ടുപോകാൻ കഴിയുന്നുണ്ടോ; വിശദമാക്കുമോ;

(സി) പുനരുപയോഗ ഊർജ്ജത്തെ ഉപയോഗപ്പെടുത്തി സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുകയെന്ന ആശയം നടപ്പിലാക്കുന്നതിനായി ഇ.എം.സി. നടത്തുന്ന പദ്ധതികൾ സംബന്ധിച്ച് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

**സൗരോർജ്ജ വൈദ്യുതിയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് നടപടി**

5946 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്കിടയിൽ സൗരോർജ്ജ വൈദ്യുതിയുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് വകുപ്പ് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതികൾ വിശദമാക്കുമോ;

(ബി) ഫ്ലോട്ടിങ്ങ് സോളാർ പാനൽ വഴി സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം നടക്കുന്നുണ്ടോ; എങ്കിൽ ഉല്പാദനം എത്രയാണെന്ന് വ്യക്തമാക്കാമോ?

**അംഗീകൃത സോളാർ പാനൽ ഏജൻസികൾ**

5947 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വീടുകളിലും മറ്റും സോളാർ പാനൽ സ്ഥാപിക്കുന്നതിന് അനർട്ട് അംഗീകാരം നൽകിയിട്ടുള്ള ഏജൻസികൾ ഏതെല്ലാമാണ്; ജില്ല തിരിച്ചുള്ള

കണക്കുകൾ ലഭ്യമാക്കാമോ;

(ബി) സർക്കാർ ഓഫീസുകളിൽ ഇലക്ട്രിക് വാഹനം വാങ്ങിക്കുന്നതിനുള്ള നോഡൽ ഏജൻസിയായി അനർട്ടിനെ ചുമതപ്പെടുത്തിയിട്ടുണ്ടോ; ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിനായി പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) സംസ്ഥാനത്ത് വീടുകളിലും, സർക്കാർ ഓഫീസുകളിലും, സ്ഥാപനങ്ങളിലും മറ്റും സോളാർ പാനൽ സ്ഥാപിക്കുന്നത് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് വീടുകളിലും സ്ഥാപനങ്ങളിലും മറ്റും സോളാർ സംവിധാനം സ്ഥാപിക്കുന്നതിന് സംസ്ഥാന-കേന്ദ്ര സർക്കാരുകൾ സബ്സിഡി അനുവദിക്കുന്നുണ്ടോ; വിശദമാക്കാമോ?

## വടകര താലൂക്കിലെ പുരപ്പുറ സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം

5948 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിലെ പുരപ്പുറ സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം സംബന്ധിച്ച 2021 ജൂൺ മാസം മുതൽ നാളിതുവരെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പുരപ്പുറ സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ?

## പുരപ്പുറ സൗരോർജ്ജ പദ്ധതി/സൂര്യ ഘർ പദ്ധതി

5949 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരപ്പുറ സൗരോർജ്ജ പദ്ധതി/പി.എം. സൂര്യ ഘർ പദ്ധതിയിൽ ചേരുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്നും കേന്ദ്ര സർക്കാർ പ്രസ്തുത പദ്ധതിക്കായി ധനസഹായം നല്കുന്നുണ്ടോയെന്നും സബ്സിഡി നൽകുന്നത് എപ്രകാരമാണെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) പാരമ്പര്യേതര ഊർജ്ജ ഉറവിടങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ചേർന്ന് കണക്ഷൻ എടുത്തവരുടെ ബില്ലിംഗ്/ചാർജ്ജ് എന്നിവ എങ്ങനെയാണ് കണക്കാക്കുന്നതെന്നും ആയത് പരിഷ്ക്കരിക്കുന്നതിന് ശിപാർശ നൽകിയിട്ടുണ്ടോയെന്നും അറിയിക്കുമോ;

(ഡി) പ്രസ്തുത ശിപാർശ നടപ്പിലായാൽ പദ്ധതി അനാദായകരമാകുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

## ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം

5950 **ശ്രീ. എം. എം. മണി**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ സി കെ ഹരീന്ദ്രൻ**

**ശ്രീ. യു. ആർ. പ്രദീപ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പകൽ സമയത്ത് ലഭ്യമാകുന്ന വൈദ്യുതി സംഭരിച്ച് ഉപയോഗിക്കുന്നതിന് ലക്ഷ്യമിട്ട് ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം സ്ഥാപിക്കുന്ന പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പദ്ധതി സ്ഥാപിക്കുന്നതിനുള്ള റിക്വസ്റ്റ് ഫോർ സെലക്ഷൻ ഡോക്യുമെന്റ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പദ്ധതി നടപ്പാക്കുന്നതിനാവശ്യമായ ഭൂമി എപ്രകാരം കണ്ടെത്തുന്നതിനാണ് തീരുമാനമെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നവർക്ക് സബ്സിഡി

5951 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ/സ്വകാര്യ തരിശു ഭൂമിയിൽ സോളാർ പാനലുകൾ സ്ഥാപിച്ച് വൈദ്യുതി ഉല്പാദിപ്പിക്കുന്നവർക്ക് സബ്സിഡി നൽകുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## മുണ്ടക്കുളത്ത് കെ.എസ്.ഇ.ബി. ക്ക് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

5952 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി ഇലക്ട്രിക്കൾ ഡിവിഷന്റെ കീഴിലുള്ള മുണ്ടക്കുളം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ഇപ്പോൾ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സെക്ഷൻ ഓഫീസ് നിർമ്മിക്കുന്നതിനായി ഒരു വ്യക്തി 10 സെന്റ് സ്ഥലം സൗജന്യമായി നൽകിയിട്ടും ഇതുവരെ കെ.എസ്.ഇ.ബി പ്രസ്തുത സ്ഥലം രജിസ്റ്റർ ചെയ്ത് ഏറ്റെടുത്തിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(സി) ഈ സ്ഥലം കെ.എസ്.ഇ.ബി. ഉപയോഗപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കക്കയം ഹൈഡൽ ടൂറിസം വികസനം

5953 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം ഹൈഡൽ ടൂറിസം വികസനത്തിനായി, കക്കയത്ത് കെ.എസ്.ഇ.ബി.യും വനം വകുപ്പും തമ്മിലുള്ള ഭൂമി തർക്കം പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വനം വകുപ്പും കെ.എസ്.ഇ.ബി.യും തമ്മിലുള്ള ഭൂമി തർക്കം പരിഹരിക്കാത്തത് കാരണം ബാണാസുര സാഗർ-കക്കയം-പെരുവണ്ണാമൂഴി വൻകിട ടൂറിസം പദ്ധതി നടപ്പിലാക്കാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

**വൈദ്യുതി കണക്ഷൻ അന്യായമായി വിഛേദിച്ച സംഭവം**

5954 **ശ്രീ തോമസ് കെ തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് എടത്വയിൽ ഹോട്ടലിന്റെ വൈദ്യുതി കണക്ഷൻ അന്യായമായി വിഛേദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) കൺസ്യൂമർ നമ്പർ 1155074012121 കഫേ 8 ഹോട്ടലിന്റെ വൈദ്യുതി കണക്ഷൻ വിച്ഛേദിക്കേണ്ട തീയതി 2025 മാർച്ച് 11 ആയിരിക്കെ മാർച്ച് 7-ാം തീയതി ഹോട്ടലിൽ ഭക്ഷണസാധനങ്ങൾ അടക്കം സൂക്ഷിച്ചിരിക്കെ അന്യായമായി വൈദ്യുതി വിച്ഛേദിച്ചതു മൂലം ഉണ്ടായിട്ടുള്ള നഷ്ടം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി നൽകുന്നതിനും അവർക്കെതിരെ കർശന ശിക്ഷാനടപടി സ്വീകരിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) മാസം തോറും ശരാശരി 48000 രൂപ വൈദ്യുതി ചാർജ് ഇനത്തിൽ വന്നു കൊണ്ടിരുന്ന ഈ ഹോട്ടലിന് ഏകദേശം ഒൻപതു ദിവസത്തോളം അടച്ചിട്ടിരുന്ന മാസത്തിൽ 86000 ത്തോളം രൂപ വൈദ്യുതി ചാർജ് ചുമത്തിയത് എന്ത് അടിസ്ഥാനത്തിലാണെന്ന് വിശദമാക്കുമോ;

(ഡി) കൃത്യമായി വൈദ്യുതി ചാർജ് അടച്ചു വരുന്നതും ഭക്ഷണസാധനങ്ങൾ സൂക്ഷിക്കുന്നതുമായ ഇത്തരം സ്ഥാപനങ്ങളിൽ വൈദ്യുതി വിച്ഛേദിക്കുമ്പോൾ ചട്ടങ്ങൾ പാലിക്കുന്നതിന് ഉദ്യോഗസ്ഥർക്ക് നിർദേശം നൽകുമോ; അത് പാലിക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ ശക്തമായ ശിക്ഷാനടപടികൾ സ്വീകരിക്കാൻ നിർദേശം നൽകുമോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഈ സ്ഥാപനത്തിലെ വൈദ്യുതി വിച്ഛേദിച്ചത് സംബന്ധിച്ച് വകുപ്പുതല വിജിലൻസ് അന്വേഷണം നടത്തുമോ; വിശദാംശം ലഭ്യമാക്കുമോ?

**ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കണ്ടെത്തിയ ക്രമക്കേടുകൾക്കുള്ള പിഴ**

5955 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് കണ്ടെത്തിയ ക്രമക്കേടുകളിൽ എത്ര തുക പിഴയായി ലഭിച്ചിട്ടുണ്ടെന്നും ഏതൊക്കെ സ്ഥാപനങ്ങളിൽ നിന്നുമാണ് പിഴ ലഭിച്ചതെന്നും പിഴ അടയ്ക്കാൻ നിർദേശം നൽകിയിട്ടും പിഴ അടയ്ക്കാത്ത സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

**ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് വീടുകളിൽ സ്ഥാപിച്ച സോളാർ പവർ പ്ലാന്റുകൾ**

5956 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് ആകെ എത്ര വീടുകളിൽ സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ചുവെന്നും ഓരോ കമ്പനികൾക്കും നൽകിയ തുക

എത്രയെന്നും വ്യക്തമാക്കാമോ; ഇതിനായി ഇത് വരെ ലഭിച്ച കേന്ദ്ര-സംസ്ഥാന വിഹിതം തരംതിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് കമ്പനികളെ തിരഞ്ഞെടുത്ത നോട്ട് ഫയലിന്റെയും കറസ്പോണ്ടൻസ് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പവർ പ്ലാന്റുകൾ പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ/ഏജൻസി ആരാണെന്നും ഇവരുടെ പേരും തസ്തികയും നിയമന ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ; ഇടുക്കി, പാലക്കാട് ജില്ലകളിലെ ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ഡി) ഈ പദ്ധതിയുടെ പെയ്മെന്റ് നൽകുന്ന നോട്ട് ഫയലിന്റെയും, കറസ്പോണ്ടൻസ് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

## <u>സോളാർ സ്ട്രീറ്റ് ലൈറ്റ് പദ്ധതി</u>

5957 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പ് മുഖേന സോളാർ സ്ട്രീറ്റ് ലൈറ്റ് പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ബാറ്ററി എനർജി സ്റ്റോറേജ് സിസ്റ്റം പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## <u>അനെർട്ടിന്റെ പദ്ധതികളുമായി ബന്ധപ്പെട്ട് ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ</u>

5958 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ അനെർട്ട് നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ ക്രമക്കേട് സംബന്ധിച്ചും വകുപ്പ് തലത്തിലും അഴിമതി നിരോധന നിയമപ്രകാരവും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

## <u>സൂര്യകാന്തി എക്സ്പോ</u>

5959 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അനർട്ട് രണ്ട് ഘട്ടങ്ങളിലായി സംഘടിപ്പിച്ച സൂര്യകാന്തി എക്സ്പോയുമായി ബന്ധപ്പെട്ട് ഓരോ ഘട്ടത്തിലും അനർട്ട് കേന്ദ്ര കാര്യാലയത്തിലും, തിരുവനന്തപുരം ജില്ലാ ഓഫീസിലും സ്പോൺസർഷിപ്പ് ഇനത്തിൽ എത്ര തുക വീതം ലഭിച്ചു; തുക നൽകിയ സ്ഥാപനങ്ങളുടെയും കമ്പനികളുടെയും ലിസ്റ്റും, ലഭിച്ച തുക, തീയതി എന്നിവ സംബന്ധിച്ച വിവരവും, ഫയലുകളുടെ പകർപ്പും ലഭ്യമാക്കാമോ;

(ബി) സ്പോൺസർഷിപ്പ് ഇനത്തിൽ ലഭിച്ച തുക ഉൾപ്പെടെ ഈ പരിപാടിയ്ക്കായി ഓരോ ഇനത്തിലും അനർട്ട് കേന്ദ്ര കാര്യാലയം, തിരുവനന്തപുരം ജില്ലാ ഓഫീസ് എന്നിവ മുഖേന എത്ര തുക വീതം ചെലവഴിച്ചു; ഓരോ ഇനത്തിലും തുക അനുവദിച്ച് നൽകിയ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(സി) സൂര്യകാന്തി എക്സ്പോയുമായി ബന്ധപ്പെട്ട് ഓരോ ഘട്ടത്തിലും വിവിധ പ്രവർത്തനങ്ങൾ നടത്തുന്നതിനായി അനർട്ട് ചുമതലപ്പെടുത്തിയ ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവയുടെ ലിസ്റ്റും, അവർക്ക് നൽകിയ തുകയെ സംബന്ധിച്ച വിവരവും, തുക അനുവദിച്ച ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ;

(ഡി) സ്മാർട്ട് സിറ്റി പദ്ധതിയുടെ ഭാഗമായി ഹിന്ദുസ്ഥാൻ ലാറ്റക്സിൽ (എച്ച്.എൽ.എൽ.) സ്ഥാപിച്ച പവർ പ്ലാന്റിന്റെ ടെൻഡറുമായി ബന്ധപ്പെട്ട നോട്ട് ഫയലിന്റെയും കറസ്പോണ്ടൻസ് ഫയലിന്റെയും പകർപ്പുകൾ ലഭ്യമാക്കാമോ?

## സോളാർ പദ്ധതി

5960 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സോളാർ പദ്ധതി പ്രകാരം ഉപഭോക്താക്കൾ കെ.എസ്.ഇ.ബി.-ക്ക് അധികമായി ലഭ്യമാക്കുന്ന വൈദ്യുതിക്ക് യൂണിറ്റിന് എത്ര രൂപയാണ് നൽകുന്നത്; പ്രസ്തുത തുക എല്ലാ മാസവും നൽകുന്നുണ്ടോ; ഇല്ലെങ്കിൽ എത്രമാസം കൂടുമ്പോഴാണ് ആയത് ഉപഭോക്താക്കൾക്ക് നൽകുന്നത്; വിശദമാക്കുമോ;

(ബി) ഉപഭോക്താക്കൾ അധികമായി നൽകുന്ന വൈദ്യുതിക്ക് നൽകേണ്ട തുക കൂടുതൽ കുടിശ്ശികയാകുമ്പോൾ ഇവർക്ക് സെക്യൂരിറ്റി ഡെപ്പോസിറ്റിൽ കുറവ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) സോളാർ വൈദ്യുതിയുടെ ഉപഭോക്താക്കൾക്ക് രാത്രി ഉപയോഗിക്കുന്ന വൈദ്യുതിക്ക് നിരക്ക് കൂട്ടിയിട്ടുണ്ടോ; വിശദമാക്കാമോ?

## സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് മെഡിസെപ് പദ്ധതി

5961 **ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് മെഡിസെപ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏത് വർഷമാണ് നടപ്പിലാക്കുകയെന്ന് അറിയിക്കുമോ?

## കശുമാങ്ങയിൽ നിന്നും ഫെനി ഉല്പാദിപ്പിക്കുന്ന പദ്ധതി

5962 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുമാങ്ങയിൽ നിന്ന് ഫെനി ഉല്പാദിപ്പിക്കുന്നത് അടക്കമുള്ള ഏതെല്ലാം നൂതന പദ്ധതികളാണ് വകുപ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) കർഷകർക്ക് സഹായകരമാകും വിധം ഫെനി ഉല്പാദിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കുമോ?

**നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിന്റെ കോർപ്പസ് ഫണ്ട്**

5963 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിക്ഷേപ ഗ്യാരണ്ടി ഫണ്ട് ബോർഡിന്റെ കോർപ്പസ് ഫണ്ട് നിലവിലെ മാനദണ്ഡം പ്രകാരം എന്തെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രതിസന്ധിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനത്തിന് കോർപ്പസ് ഫണ്ടിൽ നിന്ന് സഹായം നൽകിവരുന്നുണ്ടോ; വ്യക്തമാക്കാമോ?

**സഹകരണ വിപണന സ്റ്റോറുകൾ**

5964 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങൾ മുഖേന നിത്യോപയോഗ സാധനങ്ങൾ വിലകുറച്ച് ലഭ്യമാക്കുന്നതിന് സഹകരണ വിപണന സ്റ്റോറുകൾ ആരംഭിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഉത്സവകാലത്ത് പ്രവർത്തിക്കുന്ന സഹകരണ ചന്തകൾ മുഴവൻ സമയവും പ്രവർത്തിപ്പിച്ച് വിപണി ഇടപെടൽ സാധ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**സഹകരണ മേഖലയിലെ വൺ ടൈം സെറ്റിൽമെന്റ്**

5965 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ സർക്കാർ പ്രഖ്യാപിച്ച വൺ ടൈം സെറ്റിൽമെന്റ് ഗുണഭോക്താക്കൾക്ക് ലഭിക്കാത്ത സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) അപേക്ഷകളിന്മേൽ സർക്കാർ നിർദേശം നൽകിയിട്ടും ഭരണസമിതികൾ തോന്നിയപോലെ തീരുമാനങ്ങൾ എടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) വൺ ടൈം സെറ്റിൽമെന്റിനായി സർക്കാർ ഇറക്കിയ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ?

**ഹ്രസ്വകാല കാർഷിക വായ്പകൾക്ക് ഉത്തേജന പലിശ ഇളവ്**

5966 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, സർവീസ് സഹകരണ ബാങ്കുകൾ, കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ മുഖേന വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾക്ക് ഉത്തേജന പലിശ ഇളവ് അനുവദിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം എത്ര തുക അനുവദിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## സഹകരണ മേഖല ശക്തിപ്പെടുത്താൻ വിദ്യാഭ്യാസ പരിശീലന പരിപാടികൾ

5967 **ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ എം മുകേഷ്**
**ശ്രീ. കെ. പ്രേംകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ പരിശീലന പരിപാടികളിൽ സഹകരണമേഖല നൽകിയിട്ടുള്ള സംഭാവനകൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) സഹകരണ മേഖലയുടെ അടിത്തറ ശക്തിപ്പെടുത്തുന്നതിന് ഈ മേഖലയുമായി ബന്ധപ്പെട്ട വിദ്യാഭ്യാസ പരിശീലന പരിപാടികൾ സംഘടിപ്പിക്കാൻ സഹകരണ യൂണിയന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) മറ്റെല്ലാ മേഖലകളിലുമുള്ള തൊഴിൽസാധ്യതകൾ വളർത്തുന്നതിനും വൈവിധ്യമാർന്ന നൈപുണികളുള്ള തൊഴിൽശക്തിയെ വിവിധ തലങ്ങളിൽ രൂപപ്പെടുത്തിയെടുക്കുന്നതിനും സഹകരണ മേഖലയിൽ സർവ്വകലാശാല എന്ന ആശയത്തിനുള്ള പ്രസക്തി പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

## സഹകരണ മേഖലയിലെ നിക്ഷേപ സമാഹരണ യജ്ഞം

5968 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പ്രഖ്യാപിച്ച നിക്ഷേപ സമാഹരണ യജ്ഞത്തിന്റെ ഭാഗമായി എത്ര കോടി രൂപയുടെ നിക്ഷേപം സമാഹരിക്കുവാനാണ് ലക്ഷ്യമിട്ടതെന്നും എത്ര കോടി രൂപയുടെ നിക്ഷേപം സമാഹരിക്കാൻ കഴിഞ്ഞുവെന്നും അറിയിക്കുമോ;

(ബി) നിക്ഷേപ സമാഹരണ യജ്ഞം ലക്ഷ്യം കൈവരിക്കാൻ സാധിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; കൂടുതൽ നിക്ഷേപം സമാഹരിക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ?

## സഹകരണ എക്സ്പോകൾ

5969 **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ശ്രീ സി കെ ഹരീന്ദ്രൻ**
**ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങൾ പരിചയപ്പെടുത്തുന്നതിനും മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലേക്ക് കൂടുതൽ സഹകരണ സ്ഥാപനങ്ങളെ എത്തിക്കുന്നതിനും ലക്ഷ്യമിട്ട് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഇതിന്റെ ഭാഗമായി സഹകരണ എക്സ്പോകൾ സംഘടിപ്പിച്ചുവരുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സഹകരണ മേഖലയുമായി ബന്ധപ്പെട്ട നൂതനാശയങ്ങൾ പങ്കുവയ്ക്കുന്നതിനും പ്രസ്തുത രംഗം നേരിടുന്ന ആഭ്യന്തരവും ബാഹ്യവുമായ വെല്ലുവിളികൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും ഈ സർക്കാർ സംഘടിപ്പിച്ച സഹകരണ എക്സ്പോകളിലൂടെ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## <u>സഹകരണ നിയമത്തിൽ ഉൾപ്പെടുത്തിയ അവിശ്വാസ പ്രമേയം സംബന്ധിച്ച ഭേദഗതി</u>

5970 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനാധിപത്യ രീതിയിൽ രഹസ്യ ബാലറ്റിലൂടെ തെരഞ്ഞെടുക്കപ്പെട്ട് അധികാരത്തിൽവന്ന ഭരണസമിതികളെ അവിശ്വാസ പ്രമേയത്തിലൂടെ പുറത്താക്കാൻ വ്യവസ്ഥ ചെയ്ത് സഹകരണ നിയമത്തിലെ ചട്ടം 43 ബി പ്രകാരം ഉൾപ്പെടുത്തിയ ഭേദഗതി ജനാധിപത്യ വിരുദ്ധമായതിനാൽ അത് പിൻവലിക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

## <u>സഹകരണ വകുപ്പ് പദ്ധതികളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ</u>

5971 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സഹകരണ വകുപ്പ് നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണ്; വിശദാംശം ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ക്രമക്കേട് സംബന്ധിച്ച് വകുപ്പ് തലത്തിലും അഴിമതി നിരോധന നിയമപ്രകാരവും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

## <u>സഹകരണ ആർബിട്രേഷൻ കോടതിയിൽ കെട്ടിക്കിടക്കുന്ന കേസുകൾ</u>

5972 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ആർബിട്രേഷൻ കോടതിയിൽ ജഡ്ജി ഇല്ലാത്തതിനാൽ കേസുകൾ തീർപ്പാക്കാതെ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കോടതിയിൽ എത്രകാലമായി ജഡ്ജിയുടെ ഒഴിവുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത കോടതിയിൽ തീർപ്പാകാതെ കെട്ടിക്കിടക്കുന്ന കേസുകൾ എന്നുമുതലുള്ളതാണെന്നും കേസുകളുടെ എണ്ണവും സംബന്ധിച്ച് വർഷം തിരിച്ചുള്ള

കണക്കുകൾ വിശദമാക്കുമോ;

(ഡി) 2016 മുതൽ ഓരോ വർഷവും പ്രസ്തുത കോടതിയിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ വിവരവും അതിൽ തീർപ്പാക്കിയവയുടെ വിവരവും വർഷം തിരിച്ച് ലഭ്യമാക്കാമോ;

(ഇ) സമയബന്ധിതമായി തീർപ്പാക്കേണ്ട സഹകരണ തിരഞ്ഞെടുപ്പ് കേസുകൾ പോലുള്ളവ നിർദിഷ്ട സമയത്തിനുള്ളിൽ തീർപ്പാക്കാത്തതിനാൽ പരാതിക്കാർക്ക് സാമ്പത്തിക നഷ്ടവും സമയനഷ്ടവും ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## അമിത പലിശക്കാരുടെ ചൂഷണം നേരിടാനുള്ള പദ്ധതികൾ

5973 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെയും സ്വകാര്യ മൈക്രോഫിനാൻസ് കമ്പനികളുടെയും ബ്ലേഡ് പലിശക്കാരുടെയും ചൂഷണത്തിൽ നിന്നും സാധാരണക്കാരെ സഹായിക്കാൻ വേണ്ടി സഹകരണ വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

## പ്രാഥമിക സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ശക്തിപ്പെടുത്താൻ നടപടി

5974 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

5975 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിലെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഈ വർഷം അരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പദ്ധതി പ്രകാരം എന്തെല്ലാം ആനുകൂല്യങ്ങളാണ് സഹകാരികൾക്ക് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കയ്പമംഗലം മണ്ഡലത്തിൽ പ്രസ്തുത പദ്ധതിവഴി കഴിഞ്ഞ വർഷം എത്ര സഹകാരികൾക്ക് ആനുകൂല്യങ്ങൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

## ബജറ്റിൽ സഹകരണ മേഖലയ്ക്ക് വകയിരുത്തിയ തുക

5976 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ സഹകരണ മേഖലയ്ക്കായി എത്ര കോടി രൂപ വകയിരുത്തിയെന്നും ഇതിൽ എത്ര കോടി രൂപ ഏതൊക്കെ ഇനങ്ങളിലാണ്

നാളിതുവരെ അനുവദിച്ചതെന്നും എത്ര കോടി രൂപ ഏതൊക്കെ ഇനങ്ങളിലാണ് ചെലവഴിച്ചതെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ?

## സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി

5977 **ശ്രീ. എം. എം. മണി**
**ശ്രീ. കെ. ആൻസലൻ**
**ശ്രീ. കെ. ബാബു (നെന്മാറ)**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതിയായ സമഗ്ര കാർഷിക വികസന പദ്ധതിയുടെ നിർവ്വഹണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്ത് സുലഭമായി ലഭിക്കുന്ന കശുമാങ്ങയിൽ നിന്നും സഹകരണ സംഘങ്ങൾ മുഖേന ഫെനി ഉൽപ്പാദിപ്പിക്കുന്നതും വിപണനം നടത്തുന്നതും പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതി മറ്റേതെങ്കിലും സ്ഥാപനങ്ങളുമായി സഹകരിച്ചാണോ വിഭാവനം ചെയ്തിട്ടുള്ളത്; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ?

## അംഗ സമാശ്വാസ പദ്ധതി

5978 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അംഗ സമാശ്വാസ പദ്ധതി പ്രകാരം എത്ര തുക വിതരണം ചെയ്തുവെന്ന് അറിയിക്കുമോ?

## പ്രോജക്ട്_ക്രഷ് പദ്ധതി

5979 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണസംഘങ്ങളിലെ പണം ഉപയോഗിച്ച് ഉല്പാദനമേഖലയിൽ പുതിയ പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രാദേശികതലത്തിൽ സഹകരണസംഘങ്ങൾ തയ്യാറാക്കുന്ന പദ്ധതികളുടെ വിജയസാധ്യത പരിശോധിക്കാൻ സഹകരണവകുപ്പ് 'പ്രോജക്ട് ക്രഷ്'' എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

## സഹകരണ ബാങ്ക് നിക്ഷേപ പലിശ നിരക്ക്

5980 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസർവ് ബാങ്ക് റിപ്പോ നിരക്കിൽ കുറവ് വരുത്തുന്നതനുസരിച്ച് കേരള ബാങ്കിൽ നിക്ഷേപ പലിശ നിരക്കുകളിൽ കുറവ് വരുത്തേണ്ടതുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇപ്രകാരം പലിശ നിരക്ക് കുറയ്ക്കുമ്പോൾ പ്രാഥമിക സഹകരണ സംഘങ്ങൾ കേരള ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ പലിശയും കുറയ്ക്കേണ്ടതുണ്ടോ; വ്യക്തമാക്കുമോ;

(സി) നിക്ഷേപത്തിന് പലിശ കുറയുമ്പോൾ പ്രാഥമിക സഹകരണ സംഘങ്ങളും ബാങ്കുകളും പലിശ നിരക്ക് കുറയ്ക്കാൻ നിർബന്ധിതരാകുന്നത് സഹകരണ മേഖലയിലെ നിക്ഷേപ സമാഹരണത്തെ ദോഷകരമായി ബാധിക്കുന്നുണ്ടോ; എങ്കിൽ ഈ പ്രവണത എങ്ങനെ പരിഹരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

## കേരള ബാങ്ക് രൂപീകരണത്തിന് റിസർവ് ബാങ്ക് നിബന്ധനകൾ

5981 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണബാങ്കുകളെ സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് എന്ന രീതിയിൽ പ്രവർത്തിക്കുന്നതിന് റിസർവ് ബാങ്ക് അനുമതി നൽകിയത് സംബന്ധിച്ച രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ബാങ്കുകളുടെ ലയനത്തിന് റിസർവ് ബാങ്ക് മുന്നോട്ടുവെച്ച നിബന്ധനകൾ എന്തൊക്കെയായിരുന്നു; ഏതൊക്കെ നിബന്ധനകൾ പാലിച്ചതിന്റെ അടിസ്ഥാനത്തിലാണ് അനുമതി ലഭിച്ചതെന്ന് വ്യക്തമാക്കുമോ?

## കേരള ബാങ്കിന്റെ പ്രവർത്തനങ്ങളിൽ നബാർഡിന്റെ നിരീക്ഷണങ്ങൾ

5982 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്കിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ;

(ബി) കേരള ബാങ്കിന്റെ പ്രവർത്തനങ്ങളിൽ നബാർഡിന്റെ നിരീക്ഷണങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വിശദമാക്കാമോ; നബാർഡിന്റെ നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന നിരീക്ഷണത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) നബാർഡിന്റെ നിരീക്ഷണങ്ങളിൽ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ഡി) കേരള ബാങ്കിന്റെ ആസ്തി ബാധ്യതകൾ, പ്രവർത്തന മൂലധനം തുടങ്ങിയവ ഉൾക്കൊള്ളുന്ന ബാലൻസ് ഷീറ്റിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കോന്നി റീജിയണൽ സഹകരണ ബാങ്കിലെ നിക്ഷേപകൻ ആത്മഹത്യാശ്രമം നടത്തിയ സംഭവം

5983 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി റീജിയണൽ സഹകരണ ബാങ്കിൽ നിന്നും പണം തിരികെ ലഭിക്കാത്തതിനെ തുടർന്ന് നിക്ഷേപകൻ ആത്മഹത്യാശ്രമം നടത്തിയത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബാങ്കിൽ നടന്നതായിപ്പറയുന്ന സാമ്പത്തിക ക്രമക്കേടുകൾ സംബന്ധിച്ച് സഹകരണ വകുപ്പ് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; ആയതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

(സി) നിക്ഷേപകർക്ക് മുൻഗണനാടിസ്ഥാനത്തിൽ നിക്ഷേപം തിരികെ നൽകണമെന്ന ബഹു.ഹൈക്കോടതി വിധി നടപ്പിലാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; മേൽപ്പറഞ്ഞ നിക്ഷേപകൻ ഉൾപ്പെടെയുള്ളവർക്ക് മുഴുവൻ തുകയും അടിയന്തരമായി തിരികെ നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## വീടും സ്ഥലവും ജപ്തി ചെയ്യാതെ വായ്പാ തുക തിരിച്ചുപിടിക്കാൻ നടപടി

5984 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവാഹം, വിദ്യാഭ്യാസം, ചികിത്സ തുടങ്ങിയ ആവശ്യങ്ങൾക്കുള്ള വായ്പയ്ക്ക് ജാമ്യമായി വയ്ക്കുന്ന വീടും സ്ഥലവും ജപ്തി ചെയ്ത് വായ്പക്കാരനേയും കുടുംബത്തേയും വഴിയാധാരമാക്കാതെ വായ്പാ തുക തിരിച്ചുപിടിക്കുന്നതിനായി സഹകരണ ബാങ്കുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വായ്പാ തുക തിരിച്ചുപിടിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ റിസ്ക് ഫണ്ട് അപേക്ഷകൾ

5985 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ വിവിധ സഹകരണ ബാങ്കുകളിൽ റിസ്ക് ഫണ്ട് അനുവദിക്കുന്നതിന് ലഭിച്ചിട്ടുള്ള അപേക്ഷകളിൽ എത്ര പേർക്ക് ഫണ്ട് അനുവദിക്കാനുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിൽ റിസ്ക് ഫണ്ടിനായി വിവിധ സഹകരണ ബാങ്കുകൾ മുഖേന സമർപ്പിച്ച അപേക്ഷകളിൽ ഫണ്ട് അനുവദിക്കാത്തവയുടെ വിശദാംശം ലഭ്യമാക്കാമോ?

## സഹകരണ സ്ഥാപനങ്ങൾ അംഗത്വം നിഷേധിക്കുന്നതിനെതിരെ നടപടി

5986 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാരിൽ നിന്നും അർഹമായ വിഹിതങ്ങൾ നേടുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒട്ടേറെ സഹകരണ ബാങ്കുകൾ അർഹരായ ആളുകൾക്ക് അംഗത്വം നിഷേധിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അർഹതയുള്ള ഒരാൾക്ക് സഹകരണ ബാങ്കിൽ അംഗത്വം നിഷേധിച്ചാൽ എന്തൊക്കെ നടപടികൾ ആർക്കെല്ലാമെതിരെ കൈക്കൊള്ളുമെന്ന്

വിശദമാക്കാമോ;

(സി) അംഗത്വം നിഷേധിക്കപ്പെടുന്നപക്ഷം ആയത് നേടുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

**കോട്ടയം ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ**

5987 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ സഹകരണ മേഖലയിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ;

(ബി) ഓരോ സ്ഥാപനത്തിലും നിലവിലുള്ള ജീവനക്കാരുടെ എണ്ണവും തസ്തികയും വ്യക്തമാക്കുമോ?

**സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള വ്യവസ്ഥകൾ**

5988 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും അവയ്ക്ക് അംഗീകാരം ലഭിക്കുന്നതിനുമുള്ള വ്യവസ്ഥകൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) സഹകരണ സംഘം നിയമത്തിന് വിരുദ്ധമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെക്കുറിച്ച് അന്വേഷിച്ച് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**പാലക്കാട് ജില്ലയിലെ പുതിയ സഹകരണ സംഘങ്ങൾ**

5989 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യാൻ അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ നിർദ്ദിഷ്ട സംഘങ്ങളുടെ പേരുൾപ്പെടെയുള്ള വിശദവിവരം ലഭ്യമാക്കുമോ??

**സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് നടപടി**

5990 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ദുർബലമായ സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ സുരക്ഷിതമാണെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**സഹകരണ ബാങ്കുകളെ വിവിധ കാറ്റഗറിയിൽ ഉൾപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ**

5991 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകരണ ബാങ്കുകൾക്ക് കാറ്റഗറി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ഓരോ കാറ്റഗറിയിലും ഉൾപ്പെടുത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; ഓരോ കാറ്റഗറിയിലേയും സ്റ്റാഫ് പാറ്റേൺ എത്രയാണ്; വ്യക്തമാക്കുമോ;

(ബി) ഡയറക്ടർ ബോർഡിന് നേരിട്ട് നിയമനം നടത്താവുന്ന തസ്തികകൾ ഏതൊക്കെയാണ്; സഹകരണ റിക്രൂട്ട്മെന്റ് ബോർഡിന് നിയമിക്കാവുന്ന തസ്തികകൾ ഏതൊക്കെയാണ്; ഇവ ഓരോ ഇനത്തിലും നടത്താവുന്ന നിയമനങ്ങളുടെ അനുപാതം വിശദമാക്കാമോ?

**<u>സഹകരണ സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം</u>**

5992 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ സംസ്ഥാനത്ത് എത്ര സഹകരണ ബാങ്ക്/സംഘങ്ങളിൽ അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയിട്ടുണ്ടെന്നും ഓരോ സംഘത്തിലും അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തിയ കാലയളവും ഈ കാലയളവിൽ നൽകിയ അംഗത്വത്തിന്റെ എണ്ണവും വ്യക്തമാക്കുമോ;

(ബി) അഡ്മിനിസ്ട്രേറ്റീവ് ഭരണത്തിൽ അംഗത്വം നൽകുന്നവർക്ക് സംഘത്തിൽ നിന്നും ഏതൊക്കെ രീതിയിലുള്ള ആനുകൂല്യങ്ങൾ കൈപ്പറ്റുന്നതിനാണ് നിയമപരമായി അവകാശമുള്ളത്; വ്യക്തമാക്കുമോ;

(സി) പ്രസ്തുത അംഗങ്ങളുടെ മെമ്പർഷിപ്പിന് പിന്നീട് വരുന്ന ഭരണസമിതിയുടെ അംഗീകാരം ആവശ്യമാണോ; ഇപ്രകാരം മെമ്പർഷിപ്പ് അംഗീകരിക്കുന്നതിനുള്ള നടപടിക്രമം എന്താണ്; വ്യക്തമാക്കുമോ;

(ഡി) മെമ്പർഷിപ്പുകൾ പുതിയ ഭരണസമിതി അംഗീകരിക്കാത്ത പക്ഷം അവർ കൈപ്പറ്റിയ ആനുകൂല്യങ്ങൾ തിരികെ പിടിക്കുന്നതിന് വ്യവസ്ഥയുണ്ടോ; വിശദാംശം നൽകുമോ?

**<u>സഹകരണ സംഘങ്ങളിലെ ഓഡിറ്റ്</u>**

5993 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിലെ ഓഡിറ്റ് ശക്തിപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ?

**<u>സഹകരണ സ്ഥാപനങ്ങളിലെ ഭരണസമിതിക്കെതിരെ അവിശ്വാസം രേഖപ്പെടുത്തുന്ന നടപടിക്രമം</u>**

5994 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ ഭരണസമിതിക്കെതിരെ അവിശ്വാസം കൊണ്ടുവരാൻ നിലവിലുള്ള സഹകരണ നിയമത്തിൽ വ്യവസ്ഥയുണ്ടെങ്കിൽ അത് എപ്രകാരമാണെന്ന് അറിയിക്കാമോ;

(ബി) സഹകരണ സ്ഥാപനങ്ങളിലെ ഭരണസമിതിക്കെതിരെ അവിശ്വാസം രേഖപ്പെടുത്തുന്നതിന് സഹകരണ നിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അത് എപ്രകാരമാണെന്ന് അറിയിക്കാമോ;

(സി) അവിശ്വാസം കൊണ്ടുവരുന്ന സാഹചര്യമുണ്ടാവുകയാണെങ്കിൽ അംഗങ്ങളുടെ ആധികാരികത ഉറപ്പുവരുത്തുന്നത് എങ്ങനെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതിയെ അംഗങ്ങൾ അവിശ്വാസം കൊണ്ടുവന്ന് ഇടയ്ക്കിടയ്ക്ക് പുറത്താക്കുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ അത് സഹകരണ മേഖലയിൽ അസ്ഥിരതയുണ്ടാക്കുമോ; വ്യക്തമാക്കാമോ;

(ഇ) തെരഞ്ഞെടുക്കപ്പെടുന്ന ഭരണസമിതിയിൽ അംഗങ്ങൾ അവിശ്വാസം രേഖപ്പെടുത്തുകയാണെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ എപ്രകാരമാകുമെന്നും അതിന് ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ആരായിരിക്കുമെന്നും വ്യക്തമാക്കാമോ?

## കയർ-നെൽ കർഷകരുടെ ഉന്നമനത്തിനായുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം

5995 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിലെ കയർ തൊഴിലാളികളുടെയും നെൽ കർഷകരുടെയും ഉന്നമനത്തിനായി രൂപീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## വസ്തുവിന്മേൽ വായ്പ അനുവദിക്കുന്നതിന് നടപടി

5996 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘം രജിസ്ട്രാറുടെ 28.07.2011- ലെ 57/2011 നമ്പർ സർക്കുലർ പ്രകാരം മൂന്ന് സെന്റും അതിന് മുകളിലും കൈവശ ഭൂമിയുള്ള അംഗങ്ങൾക്ക് അർഹമായ വായ്പ അനുവദിക്കുന്നതിനും ആയത് ഉറപ്പാക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) അഞ്ച് സെന്റിൽ കുറവ് കൈവശ വസ്തു ഉള്ളതിന്റെ പേരിൽ സംസ്ഥാനത്ത് ഏതെങ്കിലും സഹകരണ ബാങ്കുകൾ വായ്പ നിഷേധിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദമാക്കാമോ?

## T.2283 യുവജന സഹകരണ സംഘത്തിന്റെ വരവ്-ചെലവ് കണക്ക്

5997 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ T.2283 നമ്പർ രജിസ്ട്രേഷനുള്ള യുവജന സഹകരണ സംഘത്തിന്റെ 2020-21, 2021-22, 2022-23 സാമ്പത്തിക വർഷങ്ങളിലെ വരവ്-

ചെലവ് കണക്കിന്റെ രേഖകൾ നൽകാമോ?

## സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ

5998 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളിൽ കാർഷിക സഹകരണ സംഘങ്ങൾ, ലേബർ കോൺട്രാക്ട് സൊസൈറ്റികൾ, യുവജന സഹകരണ സംഘങ്ങൾ എന്നിവ എത്രവീതമെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിലെ നിയമനങ്ങൾ

5999 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്തിൽ ഇതുവരെ എത്ര പേർക്ക് നിയമനം നൽകാൻ കഴിഞ്ഞിട്ടുണ്ട്; ഓരോ തസ്തികയിലും നിയമനം ലഭിച്ചവരുടെ പേര്, മേൽവിലാസം എന്നിവ സഹിതം വിശദമാക്കാമോ;

(ബി) പ്രസ്തുത നിയമനങ്ങളിൽ തദ്ദേശീയവാസികളായ എത്ര പേർക്കാണ് നിയമനം ലഭിച്ചത്; ഏതൊക്കെ തസ്തികകളിൽ ആണ് നിയമനം നൽകിയതെന്നും ആയതിന്റെ വിശദവിവരങ്ങളും ലഭ്യമാക്കാമോ;

(സി) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട് ഉടൻ നിയമനം നടത്തുവാൻ സാധ്യതയുള്ള ഒഴിവുകൾ ഏതൊക്കെയാണെന്നും അവയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ;

(ഡി) ഒന്നാം ഘട്ടം പൂർത്തിയാകുമ്പോൾ എത്ര പേർക്ക് നേരിട്ട് നിയമനം ലഭിക്കുമെന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## തുറമുഖ വകുപ്പിന് അനുവദിച്ച തുക

6000 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2025-26 ലെ ബജറ്റിൽ തുറമുഖങ്ങൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടിൽ നോൺ-മേജർ തുറമുഖങ്ങൾക്ക് പ്രത്യേകം തുക അനുവദിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത തുറമുഖങ്ങളിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കേണ്ടതെന്ന് തീരുമാനിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഓരോ തുറമുഖങ്ങളിലും നടപ്പിലാക്കേണ്ട പ്രവൃത്തികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

## തുറമുഖ വകുപ്പിന്റെ പദ്ധതികൾ സംബന്ധിച്ച് ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ

6001 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ തുറമുഖ വകുപ്പ് നടപ്പാക്കിയ വിവിധ പദ്ധതികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള

ക്രമക്കേടുകൾ എന്തൊക്കെയാണെന്നുള്ള വിശദാംശം ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓരോ ക്രമക്കേട് സംബന്ധിച്ചും വകുപ്പ് തലത്തിലും അഴിമതി നിരോധന നിയമപ്രകാരവും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

## ചരക്ക് ഇടനാഴി പദ്ധതി

6002 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി, ബേപ്പൂർ, അഴീക്കൽ, കൊല്ലം എന്നീ തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചരക്ക് ഇടനാഴി പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി കേന്ദ്ര സർക്കാർ ഏറ്റെടുത്തിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(സി) പദ്ധതി നടപ്പിലാക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്നും എന്തെല്ലാം സഹായങ്ങൾ ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

## വിഴിഞ്ഞം പുനരധിവാസ പാക്കേജ്

6003 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ പുനരധിവാസ പാക്കേജിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാക്കേജിൽ നാളിതുവരെ നടപ്പിലാക്കിയ പ്രവൃത്തികൾ, ഓരോ പ്രവൃത്തിക്കും ചെലവഴിച്ച തുക, ഇനി നടപ്പാക്കാനുള്ള പ്രവൃത്തികൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

## വിഴിഞ്ഞം തുറമുഖത്തിൽ നിന്നും ലഭിക്കുന്ന വരുമാനം

6004 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം പ്രവർത്തനം ആരംഭിച്ചതിന് ശേഷം നാളിതുവരെ സംസ്ഥാന സർക്കാരിന് ലഭിച്ച വരുമാനം ഇനം തിരിച്ച് നൽകാമോ;

(ബി) വിഴിഞ്ഞം തുറമുഖം മൂന്ന് ഘട്ടവും പൂർത്തീകരിക്കുമ്പോൾ സംസ്ഥാന സർക്കാരിന് ലഭിക്കാവുന്ന വരുമാനത്തിന്റെ വിശദാംശം നൽകാമോ; നിലവിൽ സംസ്ഥാനം നേരിടുന്ന അതിരൂക്ഷ സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ തുറമുഖത്തിൽ നിന്നും ലഭിക്കുന്ന വരുമാനം പര്യാപ്തമാകുമോ; വ്യക്തമാക്കാമോ;

(സി) തുറമുഖ വികസനത്തിനായി 2025-26 സാമ്പത്തിക വർഷം എത്ര രൂപ ഏതൊക്കെ ഇനങ്ങളിലായി സർക്കാർ നീക്കി വച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ക്ലോവർ ലീഫ് പദ്ധതി

6005 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ -

ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖത്തെയും ഔട്ടർ റിംഗ് റോഡിനെയും ദേശീയ പാതയുമായി ബന്ധിപ്പിക്കുന്നതിനുള്ള ക്ലോവർ ലീഫ് പദ്ധതി നടപ്പാക്കുന്നതിന് എത്ര ഭൂമി ഏറ്റെടുക്കേണ്ടി വരുമെന്ന് വിശദമാക്കാമോ;

(ബി) ഭൂമി ഏറ്റെടുക്കുന്നതിന് എത്ര തുക വേണ്ടി വരുമെന്നും ഈ തുക എങ്ങനെ കണ്ടെത്തുമെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുമായി മുന്നോട്ട് പോകുന്നതിന് സർക്കാരിന് മുന്നിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് വിശദമാക്കുമോ?

## <u>വിഴിഞ്ഞം തുറമുഖം</u>

6006 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം രണ്ടാം ഘട്ട നിർമ്മാണ പ്രവർത്തനത്തിന്റെ നിലവിലെ സ്ഥിതി വിശദമാക്കുമോ;

(ബി) രണ്ടും മൂന്നും ഘട്ട പ്രവർത്തനങ്ങൾക്ക് എത്ര കോടി രൂപയാണ് നീക്കി വെച്ചതെന്ന് വിശദമാക്കുമോ;

(സി) രണ്ടും മൂന്നും ഘട്ട പ്രവർത്തനങ്ങൾ എപ്പോൾ പൂർത്തിയാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കുമോ;

(ഡി) രണ്ടും മൂന്നും ഘട്ട പ്രവർത്തനങ്ങൾ ഏറ്റെടുത്തിരിക്കുന്നത് ഏതു കമ്പനിയാണെന്ന് വിശദമാക്കുമോ?

## <u>ആലപ്പുഴ മണ്ഡലത്തിൽ തുറമുഖ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>

6007 **ശ്രീ. പി.പി. ചിത്തരഞ്ജൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മണ്ഡലത്തിൽ തുറമുഖ വകുപ്പ് മുഖേന എന്തൊക്കെ പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കുന്നതെന്നും ചെലവഴിക്കുന്ന തുക എത്രയെന്നും വിശദമാക്കാമോ;

(ബി) ആലപ്പുഴ മണ്ഡലത്തിൽ വകുപ്പ് പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളെ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ?

## <u>ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം</u>

6008 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ, ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) ചെറുകിട-ഇടത്തരം തുറമുഖങ്ങൾ കൂടുതൽ ഉപയോഗപ്പെടുത്തി കണ്ടെയ്നർ സർവ്വീസ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

## കോഴിക്കോട് വെള്ളയിൽ ഹാർബർ വികസനത്തിന് പദ്ധതി

6009 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെള്ളയിൽ ഹാർബർ വികസനത്തിന് ഏതെങ്കിലും പദ്ധതികൾ പരിഗണനയിൽ ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) വെള്ളയിൽ ഹാർബറുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് പദ്ധതി തയ്യാറാക്കുമോയെന്ന് വിശദമാക്കുമോ?

## ദേവസ്വം വകുപ്പ് പദ്ധതികളുടെ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ

6010 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ദേവസ്വം വകുപ്പ് നടപ്പാക്കിയ പദ്ധതികൾ സംബന്ധിച്ച് വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ കണ്ടെത്തിയിട്ടുള്ള ക്രമക്കേടുകൾ എന്തൊക്കെയാണെന്ന വിശദാംശം ഇനം തിരിച്ച് ഓഡിറ്റ് റിപ്പോർട്ട് അടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഓരോ ക്രമക്കേടും സംബന്ധിച്ച് വകുപ്പ് തലത്തിലും അഴിമതി നിരോധന നിയമപ്രകാരവും നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം ലഭ്യമാക്കുമോ?

## മാവേലിക്കര മണ്ഡലത്തിലെ ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾ

6011 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ തഴക്കര, തെക്കേക്കര, ചുനക്കര, നൂറനാട്, പാലമേൽ, താമരക്കുളം, വള്ളിക്കുന്നം ഗ്രാമപ്പഞ്ചായത്തുകളിലും മാവേലിക്കര മുനിസിപ്പാലിറ്റിയിലുമായി ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ ഏതൊക്കെയെന്നും പ്രസ്തുത ക്ഷേത്രങ്ങളുടെ ഭൂമിയുടെ അളവ് സംബന്ധിച്ചും പഞ്ചായത്ത്/മുനിസിപ്പാലിറ്റി തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ?

## പൂഞ്ഞാർ മണ്ഡലത്തിലെ ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾ

6012 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിൽ എത്ര ക്ഷേത്രങ്ങൾ ഉണ്ടെന്നും ഇവയ്ക്ക് ക്ഷേത്രക്കുളങ്ങളുണ്ടോയെന്നും വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതുമുതൽ നാളിതുവരെ പ്രസ്തുത ക്ഷേത്രങ്ങളിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയതെന്നും അവയ്ക്കായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(സി) തീർത്ഥാടക ടൂറിസം പദ്ധതി മുഖേന പ്രസ്തുത ക്ഷേത്രങ്ങളിൽ എന്തൊക്കെ നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കൊച്ചിൻ ദേവസ്വം ബോർഡ് കമ്മീഷണറുടെ നിയമനം

6013 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിൻ ദേവസ്വം ബോർഡിന് കീഴിൽ ജീവനക്കാർക്കായി എത്ര ക്വാട്ടേഴ്സുകൾ ഉണ്ട്; ഇതിൽ എത്ര എണ്ണം വാസയോഗ്യമാണ്; എത്ര എണ്ണം ജീർണാവസ്ഥയിലാണ്; എത്ര എണ്ണം പൂർണമായും നശിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ക്വാട്ടേഴ്സുകളുടെ പുനരുദ്ധാരണത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ഓരോ വർഷവും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) കൊച്ചിൻ ദേവസ്വം ബോർഡിന്റെ നിലവിലെ കമ്മീഷണർ ആരാണ്; അദ്ദേഹം മാതൃവകുപ്പിൽ ഏതു തസ്തികയിൽ ആയിരുന്നുവെന്നും അദ്ദേഹത്തിന്റെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും സംബന്ധിച്ച വിവരവും വ്യക്തമാക്കുമോ;

(ഡി) കൊച്ചിൻ ദേവസ്വം ബോർഡ് കമ്മീഷണർക്ക് ഔദ്യോഗിക വസതിയായി ക്വാട്ടേഴ്സ് അനുവദിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത ക്വാട്ടേഴ്സ് മോടി പിടിപ്പിക്കുന്നതിനായി എത്ര തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ; ക്വാട്ടേഴ്സിലേക്ക് ഭക്തരുടെ ചെലവിൽ എസിയും ടിവിയും മറ്റു വീട്ടുപകരണങ്ങളും ഉൾപ്പെടെ വാങ്ങിയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഇ) കൊച്ചിൻ ദേവസ്വം ബോർഡ് കമ്മീഷണർക്ക് ഔദ്യോഗിക വാഹനമായി പുതിയ കാർ വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഏതു ബ്രാൻഡ് വാഹനമാണ് വാങ്ങിയതെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ; മുൻ കമ്മീഷണർ ഉപയോഗിച്ചിരുന്ന വാഹനം, വാങ്ങിയ വർഷം, വാഹനത്തിന്റെ മോഡൽ, ഇതിനായി ചെലവഴിച്ച തുക, പ്രസ്തുത വാഹനം മാറ്റി പുതിയത് വാങ്ങാൻ ഇടയായ സാഹചര്യം എന്നിവ വ്യക്തമാക്കുമോ;

(എഫ്) സാമ്പത്തിക അച്ചടക്കത്തിന് വിരുദ്ധമായും സർവീസ് ചട്ടങ്ങൾ ലംഘിച്ചും ദേവസ്വം കമ്മീഷണർ പ്രവർത്തിച്ചുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന വിശദാംശം ലഭ്യമാക്കുമോ?

## കൂടൽമാണിക്യം ക്ഷേത്രത്തിൽ കഴകം തസ്തികയിലെ നിയമനം

6014 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിൽ കഴക ജോലികൾക്കായി ആളെ നിയമിക്കുന്നതിന് ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പരീക്ഷ നടത്തിയിരുന്നോ; എങ്കിൽ പരീക്ഷയിൽ വിജയിച്ച വ്യക്തി ജോലിയിൽ പ്രവേശിച്ചിരുന്നോ;

(ബി) കഴകം തസ്തികയിൽ ജോലിക്ക് നിയമിതനായ വ്യക്തിക്കെതിരെ ജാതി വിവേചനം നടന്നോ യെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

**ആലത്തൂർ മണ്ഡലത്തിലെ മലബാർ ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾ**

6015 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ മലബാർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള എത്ര ക്ഷേത്രങ്ങളുണ്ടെന്നും എത്ര സ്ഥിരം ജീവനക്കാർ ഓരോ ക്ഷേത്രത്തിലും ജോലി ചെയ്യുന്നുണ്ടെന്നുമുള്ള വിവരം തസ്തിക തിരിച്ച് ലഭ്യമാക്കുമോ?

**തൃക്കാരിയൂർ മഹാദേവ ക്ഷേത്രത്തിന്റെ നവീകരണം**

6016 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാരിയൂർ മഹാദേവ ക്ഷേത്രത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ദേവസ്വം ബോർഡ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) ഊട്ടുപുര, ഭജനമഠം, ദേവസ്വം ഓഫീസ് ബിൽഡിംഗ്, സ്റ്റോർ റൂം, ടെംപിൾ സ്ട്രക്ച്ചർ, ആനക്കൊട്ടിൽ എന്നിവയുടെ നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(സി) ടോയ്‌ലറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ക്ഷേത്രവുമായി ബന്ധപ്പെട്ട് പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ഇ) ക്ഷേത്ര നവീകരണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**ഉദുമ മണ്ഡലത്തിലെ ദേവസ്വം ബോർഡ് ക്ഷേത്രങ്ങൾ**

6017 **ശ്രീ. സി. എച്ച്. കുഞ്ഞമ്പു :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉദുമ മണ്ഡലത്തിൽ ദേവസ്വം ബോർഡിന് കീഴിൽ എത്ര ക്ഷേത്രങ്ങളാണ് നിലവിലുള്ളതെന്ന് അറിയിക്കാമോ; ക്ഷേത്രങ്ങളുടെ പേരുവിവരം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളിൽ ഈ സർക്കാരിന്റെ കാലത്ത് ദേവസ്വം ബോർഡ് എത്ര രൂപയുടെ വികസന പ്രവൃത്തികൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകാറുണ്ടോയെന്ന് വിശദമാക്കാമോ?

**പൗരാണിക ക്ഷേത്രങ്ങൾ**

6018 **ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ദേവസ്വം ബോർഡുകൾക്ക് കീഴിലുള്ളതും അല്ലാത്തതുമായ പൗരാണിക ക്ഷേത്രങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) വിദേശ ടൂറിസ്റ്റുകളടക്കം ധാരാളം പേർ സന്ദർശിക്കുന്ന ക്ഷേത്രങ്ങളുടെ ലിസ്റ്റ് വകുപ്പിന്റെ കീഴിലുണ്ടോ; എങ്കിൽ അവയുടെ പേരുകൾ ജില്ല തിരിച്ച് അറിയിക്കാമോ;

(സി) ആയിരം വർഷത്തിലേറെ പഴക്കമുള്ള ക്ഷേത്രങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
18-03-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].